കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെയ്യാറ്റിൻകര നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

**e-mail:** lfadtvm@yahoo.in
dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ./2692 /18

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
**ഫോൺ** 0471-2331231
e-mail- lfadtvm@yahoo.in
dotvm.ksad@kerala.gov.in

**തീയതി** :18.3.2019

**ജോയിന്റ് ഡയറക്ടർ.**

**ചെയർപേഴ്സൺ (സെക്രട്ടറി മുഖേന) ,**
**നെയ്യാറ്റിൻകര നഗരസഭ** .

സർ,

വിഷയം : നെയ്യാറ്റിൻകര നഗരസഭ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നെയ്യാറ്റിൻകര നഗരസഭയുടെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

ഒപ്പ്

**ജോയിന്റ് ഡയറക്ടർ.**

*പകർപ്പ്:*

1) സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്(ഉപരിപത്രം സഹിതം)
3)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ./2692 /18

തീയതി :18.3.2019

# തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ **നെയ്യാറ്റിൻകര നഗരസഭയുടെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 59 ഓഡിറ്റ് എൻക്വയറികളിൽ 31എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും :**ശ്രീ. എ മുഹമ്മദ് നിസാർ** ജോയിന്റ് ഡയറക്ടർ

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 10.12.2018 **മുതൽ** 20.12.2018 **വരെ** | ശ്രീമതി ജയകുമാരി.കെ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.അനിൽകുമാർ ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | |

| | |
|---|---|
| | ശ്രീ.പ്രേംനാഥ്.ജി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ആശ.ജി.ആർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനിഷ.എസ്.ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജു എസ്.,<br>ഓഡിറ്റർ |

### (1) <u>നിർവ്വഹണാധികാരികളുടെ വിവരങ്ങൾ</u>

| | പേര് | കാലയളവ് |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.W.R.ഹീബ, | 01.04.2017 മുതൽ 31.03.2018 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീ.ശ്രീകാന്ത്,A.S, | 01.04.2017 മുതൽ 28.06.2017 വരെ |
| | ശ്രീ.സജി.S.S, | 29.06.2017 മുതൽ 31.03.2018 വരെ |

### (2) <u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. സുരേഷ് കുമാർ.എസ് | 01.04.2017മുതൽ 31.03.2018 വരെ |
| പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | ശ്രീ. അജി.ആർ | 01.04.2017 മുതൽ 07.10.17 വരെ |
| | ശ്രീ. സജുകുമാർ.എൻ | 10.10.2017 മുതൽ 31.3.2018 വരെ |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷൈലജ.വി.സി | 01.04.2017മുതൽ 01.08.2017 വരെ |
| | ശ്രീമതി.ശാന്തി.വി.എസ് | 02.08.2017 മുതൽ 31.3.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ഗീത.ഡി | 01.04.2017 മുതൽ 31.03.18 വരെ |
| അഗ്രി കൾച്ചറൽ ഫീൽഡ് ഓഫീസർ, | ശ്രീ.കെ.എം.അനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| അഗ്രി കൾച്ചറൽ ഓഫീസർ,പെരുമ്പഴുതൂർ | ശ്രീ. കെ. സുനിൽ | 01.04.2017 മുതൽ 22.06.2017 വരെ |

| | | |
|---|---|---|
| | ശ്രീ. ജിജു.ജെ.കെ | 23.06.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് സൂപ്പർ വൈസർ | ശ്രീ. പി.കെ.ശശികുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ലിനി.എം.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഗോപാലകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. ആർ.എസ്.മിനി | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പൽ, ജി.ബി.എച്ച്.എസ്.എസ്, നെയ്യാറ്റിൻകര | ജോയി ജോൺസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.എ).അനിൽകുമാർ, | 01.04.2017 മുതൽ 31.03.2018 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. റോയി സൈമൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജസി ചാക്കോ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജയനേന്ദ്രദാസ്, | 01.04.2017 മുതൽ 31.03.2018 വരെ |

## സൂചിക


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| **ഭാഗം- 1 പൊതു അവലോകനം** | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ | 1-11 |
| **ഭാഗം-2**<br>**വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 12 | ലേല ഇനത്തിൽ തുക ഇൗടാക്കാനവശേഷിക്കുന്നു. | 2-1 |
| 13 | അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് – കടമുറികളുടെ വാടക കുടിശ്ശിക യഥാസമയം പിരിച്ചെടുത്തിട്ടില്ല. | 2-2 |
| 14 | വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല. | 2-3 |
| 15 | ഠൗൺ മാർക്കററിലെ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല. | 2-4 |
| 16 | തൊഴിൽ നികുതി - സ്ഥാപന നികുതി തുക ഇൗടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 2-5 |
| 17 | വസ്തു നികുതി – കുടിശ്ശിക ഇൗടാക്കേണ്ടതും രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുമാണ്. | 2-6 |
| 18 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-7 |
| 19 | ഫിറ്റ്നെസ് ഇല്ലാതെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-8 |
| 20 | നികുതി വരവ്- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 2-9 |
| 21 | ആദായനികുതി ഈടാക്കിയിട്ടില്ല. | 2-10 |
| **ഭാഗം 3**<br>**ചെലവിനങ്ങളിൻമേലുള്ള നിരീക്ഷണങ്ങൾ** | | |
| 22 | മുനിസിപ്പൽ ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ- 5900/- രൂപ നിരാകരിക്കുന്നു. 181060/- രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 23 | കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് വെള്ളകരം വൈദ്യുതി ചാർജ്ജ് ഒടുക്കൽ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- | 3-2 |
| 24 | അംഗീകൃത പദ്ധതിയിൽ വ്യതിചലനം – ചെലവ് തുക 400000/- രൂപ തടസ്സപ്പെടുത്തുന്നു. 76000/- രൂപ നിരാകരിക്കുന്നു. | 3-3 |
| 25 | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനു വേണ്ടി വസ്തു വാങ്ങൽ-18,34,560/- രൂപ | 3-4 |

| | | |
|---|---|---|
| | ചെലവഴിച്ചുവെങ്കിലും, പദ്ധതി ലക്ഷ്യം കണ്ടില്ല. | |
| 26 | അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി | 3-5 |
| 27 | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അക്കൗണ്ട്- വിശദവിവരങ്ങൾ ലഭ്യമല്ല. | 3-6 |
| 28 | മുൻകൂർ ക്രമീകരിച്ചിട്ടില്ല. | 3-7 |
| 29 | ലൈബ്രറി സെസ്സ്- യഥാസമയം അടവാക്കുന്നില്ല. | 3-8 |
| 30 | പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കുന്നില്ല - മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കുന്നില്ല. | 3-9 |
| 31 | വാഹനപരിപാലനം- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 3-10 |
| 32 | കരാർ ഉടമ്പടിയിൽ ഏർപ്പെടാനുള്ള കാലതാമസം- പിഴ ഈടാക്കാതെ ബിൽ തുക നൽകി-10,581/- രൂപ നിരാകരിക്കുന്നു. | 3-11 |
| 33 | നടപ്പാലം ബലപ്പെടുത്തൽ – എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തിയുടടെ നിർവഹണം | 3-12 |
| 34 | ഗ്രൗണ്ടിൽ മണ്ണ് നിറയ്ക്കൽ – അധിക നിരക്ക് നൽകി – 42966/- രൂപ നിരാകരിക്കുന്നു. | 3-13 |
| 35 | കോൺക്രീറ്റ് നിരക്ക് നിശ്ചയിക്കുന്നതിൽ അപാകത – അധിക നിരക്ക് നൽകിയതിലൂടെ 17935/- രൂപ നഷ്ടമായി. | 3-14 |
| 36 | മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച – കാരണങ്ങൾ കണ്ടെത്തി പരിഹരിക്കണം | 3-15 |
| 37 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 20,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 38 | പഠനമുറി നിർമ്മാണത്തിന് ധനസഹായം – 4724989/- രൂപ തടസ്സപ്പെടുത്തുന്നു. | 3-17 |
| 39 | എസ്.സി. വിഭാഗക്കാരുടെ ഭവനങ്ങളുടെ മേൽക്കൂരമാറ്റൽ – 750000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-18 |
| 40 | സൈക്കിൾ വാങ്ങി നൽകൽ – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-19 |
| 41 | മഴക്കാലപൂർവ്വ ശുചീകരണം – അധിക തുക നൽകി -29480/- രൂപ നിരാകരിക്കുന്നു. | 3-20 |
| 42 | പമ്പ്സെറ്റ് സബ്സിഡി നൽകൽ – വാർഡ് സഭ പരിഗണിക്കാത്തവർക്കും ആനുകൂല്യം നൽകി-6500/-രൂപ നിരാകരിക്കുന്നു | 3-21 |
| 43 | ഗുണഭോക്തൃ ലിസ്റ്റ് അപാകതകൾ | 3-22 |

| ഭാഗം-4 | | |
|---|---|---|
| 44 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 45 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 47 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 48 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം -1
## പൊതു അവലോകനം

## 1-1 ബജറ്റ്

എ) 2017-18 വർഷത്തെ ബജറ്റ് 29.3.2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 1,61,77,70,326/-രൂപ വരവും 1,47,53,29,000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 49,93,53,598.43/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 43,36,27,068/-രൂപയുമാണ്. (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

ബി) ബജറ്റ് രൂപീകരണം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2017-18 ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമനം | ഇനം | പാലിക്കേണ്ട നടപടിക്രമം | നഗരസഭയുടെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 10.1.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ | ഫെബ്രുവരി | വിവരം മിനിട്ട്സിൽ |

| | | | |
|---|---|---|---|
| | പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 1-ന് മുൻപ് | രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 25.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക നഗരസഭാ കൗൺസിൽ ചേരൽ | മാർച്ച് 7-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക നഗരസഭാ കൗൺസിൽ ചേരൽ | മാർച്ച് 31-ന് മുൻപ് | 28.3.17 |

***<u>ബജറ്റ് രൂപീകരണം.</u>***

നികുതി- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.01.17 ലെ 28(3) എ1/326/17 നമ്പർ തീരുമാന പ്രകാരം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വിവിധ ഘടക സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് പ്രപ്പോസൽ (പദ്ധതി ചെലവുകൾക്കായും പദ്ധതിയേതര ചെലവുകൾക്കായും ആയത് സമർപ്പിച്ചതിന്റെയും വിവരങ്ങൾ, നഗരസഭാ ഓഫീസിന്റെ ബജറ്റ് പ്രപ്പോസൽ തയ്യാറാക്കി സമർപ്പിച്ചതിന്റെ വിവരങ്ങൾ, ബജറ്റ് ചർച്ചക്കായി നോട്ടീസ് നല്കിയതിന്റെ വിവരങ്ങൾ എന്നിവ) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി - 1, 21). വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ടിസ് പരിശോധിച്ചത് പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ല. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പേജ് 32 ലെ നടുവിലത്തെ മൂന്ന് വരികളിൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

വിവിധ ഹെഡുകളുടെ അടിസ്ഥാനത്തിലല്ല ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ബജറ്റിൽ വകയിരുത്തിയ തുകയും താരതമ്യം ചെയ്യുവാൻ സാധിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൂടുതൽ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 18.8.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

16.10.2018ലെ കെ.എസ്.എ.റ്റി.വി.എം./എം.എൽ.1932/18 നമ്പർ കത്ത് പ്രകാരം വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

*<u>വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ</u>*

**1**. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ നെയ്യാറ്റിൻകര കാനറാബാങ്ക് ശാഖയിലെ അക്കൗണ്ട് (നം 071601060052) 31.07.2017 ൽ 8,838.50/- രൂപ നീക്കിയിരിപ്പ് അവശേഷിപ്പിച്ച് ക്ലോസ് ചെയ്തതായി പാസ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ പ്രസ്തുത അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 25,08,999/- രൂപ ആണ്.

**2.** സോളിഡ് വേസ്റ്റ് മാനേജ്മെന്റിനായി കാനറ ബാങ്ക് നെയ്യാറ്റിൻകര ശാഖയിൽ 0716101044974 എന്ന ആക്കൗണ്ട് നിലവിലുള്ളതും (മുന്നിരിപ്പ് - 39,80,189/-) നീക്കിയിരിപ്പായി 42,22,243/- രൂപയുള്ളതുമാണ്. പ്രസ്തുത അക്കൗണ്ടിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ എ.എഫ്.എസ് പ്രകാരമുള്ള മുന്നിരിപ്പ് (41,01,794/-), നീക്കിയിരിപ്പ് (42,59,401/-) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

**3**. 2016-17 വർഷത്തെ എ.എഫ്.എസ് ബി 18 ഷെഡ്യൂൾ പ്രകാരം Miscellaneous advance ഇനത്തിൽ 66,205/- രൂപ കിട്ടാനവശേഷിച്ചിരുന്നു. കൂടാതെ എ.എഫ്.എസിലെ ആർ പി-41 പ്രകാരം Miscellaneous Advance 12,22,470/-രൂപ നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല. 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ തുക കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

**4**. 2017-18 വർഷത്തെ എ.എഫ്.എസ് ബി 5 ഷെഡ്യൂൾ പ്രകാരം 12,500/- രൂപ Loans from Banks എന്നയിനത്തിൽ ലഭിക്കാനവശേഷിക്കുന്നു. പ്രസ്തുത തുക ഏതിനത്തിലെയാണെന്ന് വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല.

Loan from Financial institutions എന്ന ഹെഡിൽ 3204400/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്. എന്നാൽ ഈയിനത്തിൽ ബാധ്യതയായി 1,00,00,000/- രൂപയാണ് അവശേഷിക്കുന്നത്. (2016-17 AFS, Sulekha 17-18)

**5**. ഡെപ്പോസിറ്റ് രജിസ്റ്റർ തയാറാക്കിയിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

**6**. വിവിധയിനങ്ങളിൽ കുടിശ്ശികയിനത്തിൽ കിട്ടാനുള്ളതിനേക്കാൾ കൂടുതൽ ലഭിച്ചതായി എ.എഫ്.എസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

<u>*വിശദാംശം ചുവടെ*</u>

| ഇനം | കുടിശ്ശിക ഡിമാന്റ് | കളക്ഷൻ തുക |
|---|---|---|
| | (16-17) ബി 15 | 17-18 RP37 |
| വസ്തുനികുതി | 2350901.79 | 3312455.00 |
| തൊഴിൽ നികുതി (Inst) | 239690.00 | 507065.00 |

**7**. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ I 1 ഷെഡ്യൂളിലെ തുകയും (97,72,481) RP1 ഷെഡ്യൂളിലെ തുകയും (9674481)തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**8**. ഠൗൺ ഹാളിൽ നിന്നുള്ള വാടകയിനത്തിലെ രജിസ്റ്റർ, അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിലെ വാടക രജിസ്റ്റർ എന്നിവ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എ.എഫ്. എസിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചില്ല.

**9**. ഗുണഭോക്തൃവിഹിതമിനത്തിലെ നീക്കിയിപ്പ്, വരവ്, തിരികെ നൽകിയത് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് (2016-17 ബി4) | വരവ് (2017-18 ആർ.പി 24) | തിരികെ നൽകിയത് (2017-18 ആർ പി 24) | നീക്കിയിരിപ്പ് | നീക്കിയിരിപ്പായി വരേണ്ടത് |
|---|---|---|---|---|
| 16,94,420 | 1,92,26,625 | 16,99,420 | 0 | 1,92,21,625 |

**10.** ഇംപ്രസ്റ്റിന്റെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

**11**. 2017-18 വർഷത്തെ എ.എഫ്.എസ് പ്രകാരം Loan from Financial institutions 32,04,400/- രൂപ അടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ ലഭ്യമാക്കിയ പ്രഫോർമയിൽ അടവാക്കാനവശേഷിക്കുന്ന തുക 50 ലക്ഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

**12**. പട്ടികജാതി ഓഫീസർ പ്രോജക്ട് നം 202/18 നായി വകയിരുത്തിയ തുക 35,25,000/- (പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം) രൂപയാണ് . എന്നാൽ സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വകയിരുത്തിയ തുക 15 ലക്ഷം രൂപയാണ്.

**13**. എ.എഫ്.എസ് Contribution to Central pension FundPayable എന്നയിനത്തിൽ (ആർ പി 29) ഓഡിറ്റ് വർഷം 24162/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ ലഭ്യമാക്കിയ

സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല.

**14**. രസീത് നം.601053838 തീയതി 25.9.18 പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 2696/- രൂപയുടെ വരവ് എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 70655990.43 |
| വരവ് | 428697608.00 |
| ആകെ | 499353598.43 |
| ചെലവ് | 433627068.00 |
| നീക്കിയിരുപ്പ് | 65726530.43 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 0 | 70916294 | 70916294 | 70916294 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 17932620 | 17932620 | 17932620 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8399621 | 8399621 | 8399621 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 18914887 | 18914887 | 18914887 | 0 |
| സി.എഫ്.സി | 0 | 81913466 | 81913466 | 81913466 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 13891405 | 13891405 | 13891405 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 72887 | 0 | 72887 | 74000 | -1113(*) |
| ബി. ഫണ്ട് | 0 | 1642440 | 1642440 | 1642440 | 0 |
| ക്യാഷ് | 796198 | - | -- | -- | 1482847 |

(*) എ.എഫ്.എസ്. പ്രകാരം നീക്കിയിരിപ്പ് 250899/- രൂപയാണ്. അപാകങ്ങൾക്ക് ഖ. 3.5, ഖ.1.3(1) കൂടി കാണുക

## 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കി യവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് | നടപ്പാ ക്കാത്തവ | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | മുനിസിപ്പൽ എഞ്ചിനീയർ | 79 | 47135377 | 77 | 41895297 | | 2 | 97 |
| 2 | പ്രോജക്ട് ഓഫീസർ | 10 | 46172821 | 7 | 40992279 | 1 | 2 | 70 |
| 3 | എെ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 10827500 | 2 | 6330000 | 1 | 2 | 40 |
| 4 | എസ്.സി.ഡി.ഒ | 8 | 22760478 | 3 | 1337549 | 4 | 1 | 58.56 |
| 5 | അഗ്രി കൾച്ചറൽ ഓഫീസർ, നെയ്യാറ്റിൻകര | 7 | 3083000 | 7 | 2730235 | - | - | 100 |
| 6 | അഗ്രി കൾച്ചറൽ ഓഫീസർ, പെരുമ്പഴുതൂർ | 8 | 5391248 | 6 | 2701825 | - | 2 | 75 |
| 7 | ഹെൽത്ത് സൂപ്പർ വൈസർ | 16 | 16559188 | 7 | 4896647 | 3 | 6 | 44 |
| 8 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 3440000 | 4 | 3196114 | - | - | 100 |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 1330000 | 1 | 500000 | | 1 | 50 |
| 10 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 3 | 2700000 | 3 | 2700000 | - | - | 100 |
| 11 | പ്രിൻസിപ്പാൽ , ജി.ബി.എച്ച്. എസ്.എസ്, നെയ്യാറ്റിൻകര | 13 | 8573784 | 4 | 6581170 | 6 | 3 | 31 |
| 12 | വെറ്ററിനറി സർജൻ | 5 | 3436000 | 5 | 1222250 | - | - | 100 |
| 13 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2600000 | - | 30000 | 1 | 1 | 50 |
| 14 | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 1 | 2000000 | 1 | 2000000 | - | - | 100 |
| 15 | അസിസ്റ്റന്റ് എഞ്ചിനീയർ | 184 | 147044251 | 103 | 70295193 | - | 81 | 92.91 |
| 16 | സെക്രട്ടറി | 17 | 15941940 | 11 | 14017653 | 2 | 4 | 65 |

## 1-7 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 72887 | 0 | 72887 | 0 | -1113* |

*വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 25,08,999/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,62,440 | 962 |
| കർഷകതൊഴിലാളി പെൻഷൻ | 1,47,29,500 | 1428 |
| വിധവാ പെൻഷൻ | 2,87,87,700 | 2514 |
| വാർദ്ധക്യകാല പെൻഷൻ | 5,62,78,900 | 4649 |
| വികലാംഗ പെൻഷൻ | 1,01,08,700 | 870 |
| വിവാഹധനസഹായം | 10,80,000 | 870 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15,77,100 | 132 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2018ന് രാവിലെ 10.30ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,63,685/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

(i) പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ

മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (.സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തനം | നഗരസഭ സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് വിവിധ ജോലി വിഭജിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഓഫീസ് മീറ്റിംഗ് മിനിട്സ് ലഭ്യമാക്കിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>ഉദാ- തൊഴിൽ നികുതി രജിസ്റ്റർ |
| ഫ്രണ്ട് ഓഫീസ് | | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ലഭ്യമാക്കിയിട്ടില്ല |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടുണ്ട് |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. 2017-18 ലെ ആകെ വരവ് 43,421/- രൂപ |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം | തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട് |

| | | |
|---|---|---|
| | PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

**ii) സേവനാവകാശം**

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/ തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/ പി.ആന്റ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/ 2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ നഗരസഭകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്. എന്നാൽ സേവനം സമയപരിധിക്കുള്ളിൽ നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ, വാർഡ് സഭ മിനിട്സുകൾ (33എണ്ണം), സ്റ്റാറ്റസ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ 11വാർഡ്സഭ മിനിട്സുകളും യഥാവിധി പരിപാലിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ തയാറാക്കി കാലികമാക്കി സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യപത്രികയിലെയും വിവിധ സെക്ഷനുകളിലെയും ഫയലുകളിലെയും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്ലാൻ സെക്ഷനും വിവിധ നിർവഹണ വിഭാഗങ്ങളുടെയും ഏകീകരണം ഫലപ്രദമല്ലാത്തതിനാൽ വിവിധ പദ്ധതി ചെലവുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. 2013ലെ സ്റ്റോർ പർച്ചേസ് മാനവലും പ്രൊക്യുർമെന്റ് കമ്മിറ്റി ചട്ടങ്ങളും പാലിച്ചല്ല നഗരസഭയിലെ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട പർച്ചേസുകൾ നടന്നു വരുന്നത്. നഗരസഭയുടെ അനിവാര്യ ചുമതലയിൽപ്പെടുന്ന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവഹിച്ച് ആയത് കാര്യക്ഷമമാക്കുന്നതിന് ഭരണസമിതി

ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭയുടെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതിയുടെ കമ്പ്യൂട്ടറൈസേഷൻ ബന്ധപ്പെട്ട ഡാറ്റാ എൻട്രി ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2011 | 2009-2010 | 27.1.2012 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2018 | 2016-2017 | 22.5.2015 |

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേല ഇനത്തിൽ തുക ഈടാക്കാനവശേഷിക്കുന്നു.

നെയ്യാറ്റിൻകര നഗരസഭ ഉടമസ്ഥതയിലുള്ള മാർക്കറ്റുകൾ, പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ, പാർക്കിംഗ് ഏരിയ എന്നിവിടങ്ങളിൽ നിന്നും 2017-18ൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശം നൽകുന്നതിനായി 21.02.17 ൽ ലേലം നടത്തുകയും, ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത വ്യക്തികൾക്ക് 04.03.2017 ലെ കൗൺസിൽ തീരുമാനപ്രകാരം ലേലം ഉറപ്പിച്ചുനൽകുകയും ചെയ്തു. ലേല ഡയറി, ലേലരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ആശുപത്രി ജംഗ്ഷൻ ഡോർമിറ്ററി കം കംഫർട്ട് സ്റ്റേഷൻ (ലേലത്തുക 4,12,000/-) , അക്ഷയ പാർക്കിംഗ് (63,000/-) എന്നിവിടങ്ങളിലെ ഫീസ് പിരിവ് ലേലത്തിൽ പിടിച്ച ശ്രീമതി ആശ എസ്.ആർ, ശ്രീ. വിജയകുമാർ എന്നിവർ യഥാക്രമം 1,03,000/- (രസീത് നം 11616113758 തീയതി 30.03.17), 15,750/- (രസീത് നം 11616113911 തീയതി 31.03.17) രൂപ മാത്രമേ നാളിതുവരെ അടവാക്കിയിട്ടുള്ളു. പിരിച്ചെടുക്കാനവശേഷിക്കുന്ന തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 20/13.12.2018) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് -കടമുറികളുടെ വാടക കുടിശ്ശിക യഥാസമയം പിരിച്ചെടുത്തിട്ടില്ല

നെയ്യാറ്റിൻകര നഗരസഭ പരിധിയിലെ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിൽ ആകെയുള്ള 144 കടമുറികളിൽ 141 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. (എൻക്വയറി നം 36/17.12.18). വാടകകുടിശ്ശികയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം 2017-18 വർഷം കുടിശ്ശികയിനത്തിൽ (Rent receivables from Guest Houses) ആകെ 19,88,218/- (Current+ Arrear) രൂപ ഈടാക്കാനുണ്ട്. വാടക രജിസ്ററററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

ചുവടെ ചേർത്തിരിക്കുന്ന കടമുറികളിലെ വാടകക്കാർ 2017-18 വർഷത്തിൽ വാടക അടവാക്കിയിട്ടില്ല. മുൻവർഷങ്ങളിലും കുടിശ്ശികയുള്ളതായി രജിസ്റ്ററിൽ കാണുന്നു.

| വാടകക്കാരന്റെ പേര് | കടമുറിയുടെ നം | അടവാക്കാനുള്ള തുക (2017-18ലെ വാടക തുക) |
|---|---|---|
| എ. ടിങ്കു | BF A13 | 92208 |
| പി ക്രിസ്തുദാസ് | BF -C (6) | 64634 |
| അനിൽകുമാർ എസ് | GF- A(2) | 102662 |
| മാനേജർ ആക്സിസ് ബാങ്ക് | GF-A6(1) | 58980 |
| വി.എസ് സഞ്ചയ് | GF-A(7) | 188208 |
| ഷേക്സ്പിയർ | GF-A(8) | 108800 |
| ഷേക്സ്പിയർ | GF- A13 | 83082 |
| ആകെ | | 698574/- |

വാടകകുടിശ്ശിക വരുത്തുന്നവർക്കെതിരെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ച് കുടിശ്ശികതുക നഗരസഭ ഫണ്ടിൽ

വകയിരുത്തേണ്ടതും ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകയ്ക്ക്നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വാടക, വാടകകുടിശ്ശിക അടവാക്കുന്നതിലെ വീഴ്ച, വാടകരജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും , ആയത് പരിഹരിക്കാൻ ഫലപ്രദമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നഗരസഭകൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

വാർഷിക ധനകാര്യ പത്രിക B15 പ്രകാരം വരവിനത്തിൽ ചുവടെ ചേർക്കുന്ന ഇനങ്ങളിൽ ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു.

*വിശദാംശം ചുവടെ*

| കോഡ് നം. | ഇനം | തുക |
|---|---|---|
| 431300198 | Receivable of other user charges (current) | 310730 |
| 431400101 | Rent receivable from Civic amenities (current) | 1292922 |
| 431400102 | Rent receivables from Civic amenities (arrears) | 328417 |
| 431400106 | Rent receivables from Guest House (arrear) | 3521283 |

കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്ത് നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-3 വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല.

നെയ്യാറ്റിൻകര നഗരസഭ ഉടമസ്ഥതയിലുള്ള മാർക്കറ്റുകൾ, പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ, പാർക്കിംഗ് ഏരിയ എന്നിവിടങ്ങളിൽ നിന്നും 2017-18 ൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ലേലക്കാരനുമായി നഗരസഭ കരാറിൽ ഏർപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ

| സ്ഥലം | കടമുറി നം |
|---|---|
| പെരുമ്പഴുതൂർ ചന്ത | 1<br>2<br>PP1975A<br>PP1975B<br>PP1975C<br>PP1975D |
| ആലുംമൂട് മിനി ഷോപ്പിംഗ് | F7 |

| | |
|---|---|
| കോംപ്ലക്സ് | |
| ആറാലുംമൂട് പച്ചക്കറി ചന്ത | കരാർ വച്ചിട്ടില്ല. |

നഗരസഭ അധീനതയിലുള്ള ഇത്തരം സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ ലേലവ്യവസ്ഥകൾ പൂർണമായും പാലിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഠൗൺ മാർക്കററിലെ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്റ്റാളുകളുടെ വാടക പൂർണമായും ഈടാക്കാത്തതായും ചില സ്റ്റാളുകളിൽ നിന്നും വർഷങ്ങളായി വാടക തുക കുടിശ്ശികയായതായും കാണുന്നു.

| സ്റ്റാൾ നം | വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|
| 1 | നാസറുദ്ദീൻ (1207x12 + 1328x12) | 4/15 മുതൽ |
| 2 | നസറുദ്ദീൻ | 1/17 മുതൽ |
| 3 | സലിം | 4/17 മുതൽ |
| 7 | നിസ്സാർ എം | 1/17 മുതൽ |
| 10 | നിസ്സാർ | 4/14 മുതൽ |
| 11 | രാജേന്ദ്രൻ നാടാർ | 2/18 മുതൽ |
| 14 | സുധീർ | 4/16 മുതൽ |
| 15 | സുധീർ | 4/16 മുതൽ |
| 20 | സൈനബ | 7/09 മുതൽ |
| 22 | നസീർഖാൻ | 4/17 മുതൽ |
| 23 | നസീർഖാൻ | 1/18 മുതൽ |
| 25 | സെയ്ഫ് മുഹമ്മദ് | 1/14 മുതൽ |
| 28 | ഒസ്സൻഖാൻ | 17-18 |
| 29 | ഷാജഹാൻ | 17-18 |
| 30 | നവാസ് | 17-18 |
| 32,33 | കെ നാസർ | 17-18 |
| 35-39 | സലിം | 11-12 മുതൽ |
| 40 | ഷാജഹാൻ | 14-15 മുതൽ |

വാടകയിനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 30/15.12.2018ന്

കുടിശ്ശിക ഇൗടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 2-5 തൊഴിൽ നികുതി - സ്ഥാപന നികുതി തുക ഇൗടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി, സ്ഥാപന നികുതി ഇനത്തിൽ നഗസഭക്ക് 2017-18ൽ 1,14,63,164/- രൂപ വരവുണ്ട്. എന്നാൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ പരിശോധിച്ചതിൽ തുക ഈടാക്കിയതിന്റെ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. സ്ഥാപനത്തിൽ നേരിട്ട് ലഭിക്കുന്ന തുകകളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ഔട്ട്ഡോർ കളക്ഷൻ വഴി ഈ ഇനത്തിൽ ലഭിക്കുന്ന തുകകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രജിസ്റ്റർ പ്രകാരമുള്ള തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

എ) <u>സ്ഥാപന നികുതി ഒടുക്കുവരുത്തിയിട്ടില്ല</u>

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭാ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ, ബ്രാഞ്ചുകൾ എന്നിവയിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന നികുതി ഈടാക്കാവുന്നതാണ്. 2017-18 വർഷം താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്, കൊടങ്ങാവിള | I &II |
| 4 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് | I &II |
| 10 | ഇൻഡ്യൻ ബാങ്ക്, പെരുമ്പഴുതൂർ | I &II |
| 20 | മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്, അക്ഷയ കോംപ്ലക്സ് | I &II |

ബി) <u>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനായി 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം സ്ഥാപന ഉടമയിൽ നിന്നും

ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെടുന്നതിനും അർദ്ധ വാർഷിക ശമ്പള പത്രിക പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വാസൻ ഐ കെയർ | II |
| 3 | മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്, അക്ഷയ കോംപ്ലക്സ് | II |
| 4 | മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്,കൊടങ്ങാവിള | I |
| 5 | ജൈന്റ് സ്റ്റീൽ, നെയ്യാറ്റിൻകര | 1&11 |
| 6 | യുണൈറ്റഡ് സ്റ്റീൽ , നെയ്യാറ്റിൻകര | 1&11 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7നു സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സി) <u>മൂന്ന് ഓഡിറ്റോറിയങ്ങൾക്ക് ഒരു നികുതി -വരുമാന നഷ്ടം</u>

ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3 ഓഡിറ്റോറിയങ്ങളിൽ നിന്നും 2017-18 വർഷം ആകെ 2500/- രൂപ മാത്രമാണ് നികുതിയായി ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു.

| കെട്ടിട നമ്പർ | ഓഡിറ്റോറിയത്തിന്റെ പേര് |
|---|---|
| NMC1/5,6 | റഷീദ് ഓഡിറ്റോറിയം |
| NMC1/216,216A | ലുലു ഓഡിറ്റോറിയം |
| NMC11/69 A,B | എം.കെ.ഓഡിറ്റോറിയം |

മേൽ ഓഡിറ്റോറിയങ്ങളിൽ നിന്നും 14936/3.2.18, 7822/14.8.17 എന്നീ രസീത് പ്രകാരം 2,500/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.35നുള്ള മറുപടിയായി 2005 തൊഴിൽ നികുതി ചട്ടം 3 (വിശദീകരണകുറിപ്പ്) പ്രകാരം ഒന്നിൽ അധികം സ്ഥാപനങ്ങൾക്ക് ഒരു സ്ഥാപന തൊഴിൽ നികുതി ചുമത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽചട്ടം പ്രകാരം ഒരേ വിഭാഗത്തിൽപ്പെട്ട ഒന്നിൽ അധികം സ്ഥാപനങ്ങൾക്ക് ഒരു നികുതി മാത്രം ചുമത്തുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകേണ്ട വരുമാനം നഷ്ടം വന്നിട്ടും അധികാരികൾ വേണ്ടത്ര ശ്രദ്ധ ചെലുത്തി കാണുന്നില്ല. കൂടാതെ ഡിമാന്റ് രജിസ്റ്ററിൽ നഗരസഭക്ക് ലഭിച്ചിട്ടുള്ള മുഴുവൻ വരവിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് സ്ഥാപനാധികാരി ഉറപ്പുവരുത്തേണ്ടതും തൻ വർഷം ഈടാക്കാൻ അവശേഷിക്കുന്ന തുകകൾ കുടിശ്ശിക ഡിമന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നഗരസഭാധികാരി ശ്രദ്ധ ചെലുത്തേണ്ടതാണ്. നഗരസഭക്ക് ലഭിക്കേണ്ട വരവ് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-6 വസ്തു നികുതി- കുടിശ്ശിക ഇ ൗടാക്കേണ്ടതും , രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുമാണ്.

നഗരസഭയിൽ വസ്തു നികുതി വിവങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. എ.എഫ്.എസ്. പ്രകാരം നഗരസഭയിൽ വസ്തു നികുതി കുടിശ്ശികയായി 8,39,836/- രൂപ നിലനിൽക്കുന്നു. എന്നാൽ വസ്തുനികുതി ഡിമാന്റ്, പിരിവ്, കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്ററുകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം.5 നും ഓഡിറ്റ് എൻക്വയറി നം.5 നും മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഈ ഇനത്തിലെ ഡിമാന്റ്, തൻവർഷം ലഭിച്ച തുക, കുടിശ്ശിക തുക എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെയും, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ, ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.54 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ കമ്മിറ്റി മിനിട്സിൽ ഈ ഇനങ്ങളിലെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് വേണ്ട തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പൂർണമല്ല. ഉദാ- പേജ് നമ്പർ 234 മുതൽ 290 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല)

വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ കൃത്യമായ പരിപാലനം സ്ഥാപനാധികാരി ഉറപ്പു വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ടാക്സേഷൻ &

ഫിനാൻസ് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അതിന് കീഴിലുള്ള കണക്കുകൾ സൂക്ഷിക്കൽ – പൊതുഭരണം വർക്കിംഗ് ഗ്രൂപ്പിന്റെയും അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

## 2-7 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഡെപ്പോസിറ്റുകൾ തിരികെ നൽകിയതിന്റെ വിവരങ്ങൾ, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ എന്നിവ ലഭ്യമല്ല.

2017-18 ലെ വാർഷിക ധനകാര്യ പത്രിക രസീത് & പേയ്മെന്റ് പ്രകാരം ഈ ഇനത്തിൽ നഗരസഭയ്ക്ക് 67,35,908/-രൂപ ലഭിച്ചിട്ടുണ്ടെങ്കിലും ടി തുക ഏത് ഇനത്തിൽ ലഭിച്ചതാണെന്നും തിരികെ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവരങ്ങൾക്കായി ഓഡിറ്റ് റിക്വിസിഷൻ 1, ഓഡിറ്റ് എൻക്വയറി നം.18 എന്നിവ പ്രകാരം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്നു വർഷത്തിനു മേൽ ക്ലയിം ചെയ്യാതിരിക്കുകയും തിരിച്ചു വാങ്ങാതിരിക്കുകയും ചെയ്താൽ അവ കാലഹരണപ്പെട്ടതായി കാണക്കാക്കി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോദ്ധ്യപ്പെടുത്തി നഗരസഭയുടെ തനത് ഫണ്ടിൽ വരവ് വയ്ക്കാവുന്നതാണ്. നഗരസഭയിൽ ലഭിക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിൽ മുതൽകൂട്ടേണ്ടതുമാണ്.

## 2-8 ഫിറ്റ്നെസ് ഇല്ലാതെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ.(ആർ.റ്റി.)2427/2007 പൊതു വിദ്യാഭ്യാസം തീയതി 1.8.2007 പ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാഭ്യാസ വർഷം ആരംഭിക്കുന്നതിനു മുൻപ് കെട്ടിടത്തിന്റെ ഫിറ്റ്നസ് ഉറപ്പാക്കേണ്ടതുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങൾക്ക് 2017-18 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടില്ല. പ്രസ്തുത വിവരം ഓഡിറ്റ് എൻക്വയറി 8 മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ

സ്റ്റാൻറിംഗ് കമ്മിറ്റിയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

നഗരസഭയിൽ പ്രവർത്തിച്ചുവരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തുന്നതിന് ധനകാര്യ, ആരോഗ്യം-വിദ്യാഭ്യാസകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-9 നികുതി വരവ്- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭക്ക് ലഭിച്ച് വിവിധ വരവുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളും അപേക്ഷകളും നഗരസഭ സൂക്ഷിക്കുന്നില്ല. ആയതിനാൽ താഴെ പറയുന്ന ഇനങ്ങളിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭിച്ച വരവിന്റെ കൃത്യത ഓഡിറ്റിന് ഉറപ്പുവരുത്താനായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ 5, ഓഡിറ്റ് എൻക്വയറി നം. 5 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ, കണക്കുകൾ സൂക്ഷിക്കൽ പൊതുഭരണം മെച്ചപ്പെടുത്തൽ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല .

| ഹെഡ് നമ്പർ | വരവിനം | എ.എഫ്.എസ് പ്രകാരമുള്ള വരവ് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 140100100 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 4700 | രജിസ്റ്റർ, അപേക്ഷകൾ |
| 140100200 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 3800 | രജിസ്റ്റർ, അപേക്ഷകൾ |
| 14100300 | കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ ഫീസ് | 33600 | രജിസ്റ്റർ, അപേക്ഷകൾ |

ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അപേക്ഷകളും ഓഡിറ്റ് റിക്വിസിഷൻ 4 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

വരവിനങ്ങൾ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ സൂക്ഷിച്ചാൽ മാത്രമേ വരുമാന സ്രോതസ്സുകൾ പൂർണമായും പ്രയോജനപ്പെടുത്തി എന്ന് ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ ടാക്സേഷൻ & ഫിനാൻസ് കാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും അതിന് കീഴിലുള്ള കണക്കുകൾ സൂക്ഷിക്കൽ -പൊതുഭരണം വർക്കിംഗ് ഗ്രൂപ്പിന്റെയും അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. ലഭിക്കുന്ന വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനും കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-10 ആദായനികുതി ഈടാക്കിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിലെ 220510100 (Law charges), 22051990 (Miscellaneous Legal Expences) എന്ന ലെഡ്ജറുകൾ പ്രകാരം, അഡ്വക്കേറ്റ് ഫീസിനത്തിൽ 2,67,000/- രൂപ നൽകിയിട്ടുണ്ട്. ആദായ നികുതി നിയമം 1961, വകുപ്പ് 194 ജെ പ്രകാരം സാമ്പത്തിക വർഷം 30,000/- രൂപയിൽ അധികരിച്ച് നൽകുന്ന തുകയ്ക്ക് അഡ്വക്കേറ്റുമാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 10% ആദായനികുതി ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അഡ്വക്കേറ്റിന്റെ പേര് | നൽകിയ തുക | ആദായനികുതി കണക്കാക്കേണ്ട വരുമാനം | വൗച്ചർ/ ചെക്ക് നം/തിയതി |
|---|---|---|---|
| അഡ്വ. ആർ.എസ് സുരേഷ്കുമാർ | 2,000<br>45,000<br>47,000 | 17000 | 068205/4.5.17-2000/-<br>964713/22.03.18-45000/- |
| അഡ്വ.ആർ ടി പ്രദീപ് | 20,000<br>10,000<br>25,000<br>10,000<br>65000 | 35000 | 731924/26.09.17-10000/-<br>731924/26.09.17-10000/-<br>068159/25.4.17-10000/-<br>724398/03.01.18-25000/-<br>964735/03.03.18-10000/- |
| അഡ്വ. അശോക് കുമാർ | 18,000<br>18,000<br>17,000<br>53000 | 23000 | 731988/05.10.17-18000/-<br>964638/03.03.18-18000/-<br>068172/25.04.17-17,000/- |
| അഡ്വ. എ ഗിരീഷ് | 35,000 | 5000 | 068168/25.04.27-35000/- |
| അഡ്വ.എ നാഗ് മോഹൻ | 50,000 | 20000 | 068169/25.04.17-50000/- |

അഡ്വക്കേറ്റ്മാരിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുനിസിപ്പൽ ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ- 5900/- രൂപ

# നിരാകരിക്കുന്നു. 181060/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം. | : | 04/18-(സ്പിൽ ഓവർ) മുനിസിപ്പൽ ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | : | 2,00,000/- (വികസന ഫണ്ട്) |
| ചെലവ് | : | 1,86,960/- |
| ബിൽ നം. | : | 03/09.06.17 |
| നിർവ്വഹണം | : | സെക്രട്ടറി |

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണം നടത്തിയ നിർദ്ദിഷ്ട പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 1,86,960/- രൂപ ചെലവഴിച്ചു . 262/17-ാം നമ്പരായി 2016-17ലേയ്ക്ക് അംഗീകരിച്ച ഫർണിച്ചർ വാങ്ങൽ പദ്ധതി അക്രഡിറ്റഡ് ഏജൻസി മുഖേന 31.32017നുള്ളിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള ഫർണിച്ചറുകൾ മുനിസിപ്പൽ ലൈബ്രറിക്കു വേണ്ടി വാങ്ങുവാനാണ് വിഭാവനം ചെയ്തിരുന്നത്.

1) 20 മേശ (1 യൂണിറ്റിന് 5000/- രൂപ നിരക്കിൽ ആകെ 100000/- രൂപ)

2) 50 കസേര (1 യൂണിറ്റിന് 750/- രൂപ നിരക്കിൽ ആകെ 37500/- രൂപ)

3) 5 അലമാര (1 യൂണിറ്റിന് 12500/- രൂപ നിരക്കിൽ ആകെ 62500/- രൂപ )

എന്നാൽ അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് സ്പെസിഫിക്കേഷൻ പരസ്യപ്പെടുത്താതെ തന്നെ ഫർണിച്ചർ വാങ്ങാൻ ടെണ്ടർ ക്ഷണിച്ച് രാജാ ഫർണിച്ചർ ട്രേഡേഴ്സ്, അയണിമൂട് എന്ന സ്ഥാപനത്തിന്റെ 21.2.2017ലെ ക്വട്ടേഷൻ അംഗീകരിച്ച്, 4.3.2017ലെ സാധാരണ കൗൺസിൽ 7(10) നമ്പരായി തീരുമാനിച്ചപ്രകാരം 6.3.2017ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. വിതരണം ചെയ്യേണ്ട ഫർണിച്ചറിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി വിതരണ സ്ഥാപനവുമായി സെക്രട്ടറി കരാർ ഒപ്പു വച്ചില്ല. ചുവടെ ചേർക്കുന്ന പ്രകാരമാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്.

1.റീഡിംഗ് ടേബിൾ (നീളവും വീതിയും കൂടിയത്) – 5എണ്ണം

2.ബഞ്ച് – 10 എണ്ണം

3.അലമാര (ഗ്ലാസ്സ് ഉള്ളത്) – 6 എണ്ണം

4.വാകം ക്ളീനർ – 1 എണ്ണം

2016-17 ലെ പ്രോജക്ടിൽ ഭേദഗതി ചെയ്യാതെ തന്നെയാണ് 2017-18ലെ പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം വാങ്ങിയതെങ്കിലും പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടില്ലാത്ത ബഞ്ച്, വാകംക്ലീനർ എന്നിവ 2017-18ൽ വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രൊക്വുർമെന്റ് കമ്മിറ്റി കൂടിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.51/18 മുഖേന നിർവഹണത്തിലെ അപാകതകൾ ചൂണ്ടിക്കാട്ടുകയും പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ഹാജരാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തെങ്കിലും ഹാജരാക്കിയില്ല.) വാങ്ങിയ ഉൽപ്പനങ്ങളുടെ ആകെ വിലയായി സ്ഥാപനത്തിന് നൽകിയ 186960/- രൂപയിൽ പ്രോജക്ടിൽ ഇല്ലാത്ത ഇനമായ വാകംക്ലീനറിന്റെ വിലയായ 5,900/- രൂപ നിരാകരിക്കുന്നു. കൂടാതെ താഴെപറയുന്ന അപാകതകൾ മൂലം ബാക്കി തുക 1,81,060/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ടെണ്ടർ ക്ഷണിച്ചപ്പോൾ , ആവശ്യമുള്ള ഫർണിച്ചറിന്റ മെറ്റീരിയൽ തരം, അളവ് എന്നിവ പരസ്യത്തിൽ വ്യക്തമായി രേഖപ്പെടുത്താതിരിക്കെ, ലഭിച്ച 4 ക്വട്ടേഷനുകളിൽ 2 എണ്ണം (സ്റ്റീൽ ഉൽപ്പന്നങ്ങളുടെ വില രേഖപ്പെടുത്തിയ കാരണത്താൽ) പരിഗണിക്കാതിരുന്ന 04.03.17ലെ ജനറൽ കൗൺസിൽ തീരുമാനം ക്രമപ്രകാരമുള്ളതല്ല. അവശേഷിച്ച 2 ക്വട്ടേഷനുകളിൽ, കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനത്തിന്റ ക്വട്ടേഷൻ അംഗീകരിച്ചുവെങ്കിലും മത്സരാധിഷ്ഠിത ക്വട്ടേഷനിലൂടെ മികച്ച ഗുണനിലവാരമുള്ള ഫർണിച്ചർ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിന് ടെണ്ടറിലെ അപാകത തടസ്സമുണ്ടാക്കി. കൂടാതെ സ്ഥാപനം രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിലുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് നഗരസഭ നിർബന്ധിതമാകുന്ന സാഹചര്യവുമുണ്ടായി.

അക്രഡിറ്റഡ് ഏജൻസിയെ ഒഴിവാക്കിയതിന്റ കാരണം നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി നടത്തിപ്പിന്റ സുതാര്യത തന്നെ നഷ്ടപ്പെട്ടു. ഫർണിച്ചർ വാങ്ങലിലൂടെ പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം ലൈബ്രറിയുടെ ആവശ്യകത നിറവേറ്റിയെന്നും പറയാൻ കഴിയില്ല. 2016-17ൽ ലഭിച്ച ഫർണിച്ചറുകൾ കുറ്റമറ്റതാണെന്ന് സാക്ഷ്യപ്പെടുത്തുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്യാതെയാണ് 2017-18ലെ വികസന ഫണ്ടിൽ നിന്നും സെക്രട്ടറി തുക ചെലവഴിച്ചത്. ലൈബ്രറിക്ക് ഫർണിച്ചർ കൈമാറിയതിന്റ രേഖകൾ ഹാജരാക്കിയിട്ടുമില്ല. ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതി പദ്ധതി തുടർ മോണിട്ടർ ചെയ്തിരുന്നുവെങ്കിൽ റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് ചെലവ് ചെയ്യുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു.

ഓഡിറ്റിൽ അംഗീകരിക്കാത്ത 5,900/- രൂപ തിരിച്ചടയ്ക്കേണ്ടതും, 1,81,060/- രൂപ തടസ്സം ഒഴിവാക്കുന്നിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് വെള്ളകരം, വൈദ്യുതി ചാർജ്ജ് ഒടുക്കൽ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. : 172/18
അടങ്കൽ : 15,00,000/- (മെയിന്റനൻസ് ഫണ്ട്)
ചെലവ് : 15,00,000/-
ബിൽ നം : 5/31.07.2017
നിർവ്വഹണം : സെക്രട്ടറി

നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കറന്റ് ചാർജ്ജ്, വാട്ടർചാർജ്ജ് എന്ന പ്രോജക്ട് പ്രകാരം 2017-18 സാമ്പത്തിക വർഷം സെക്രട്ടറി വികസനഫണ്ടിൽനിന്നും 15 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവിന്റ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ 22/18 നം. ആയി ഓഡിറ്റ് എൻകയറി നൽകുകയുണ്ടായി. ബില്ലിന്റ വിശദാംശങ്ങളോ അനുബന്ധ വൗച്ചറുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-3 നഗരസഭ ഠൗൺഹാളിന് ഫർണിച്ചർ - അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലനം -400000/-രൂപ തടസ്സപ്പെടുത്തുന്നു. 76000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. : 383/18 (ഠൗൺ ഹാളിന് ഫർണീച്ചർ)

അടങ്കൽ : 500000/- (വികസന ഫണ്ട് ജനറൽ)

ചെലവ് : 476000/-

ബിൽ നം. : 16/28.3.2018

നിർവഹണം : നഗരസഭ സെക്രട്ടറി

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട്, വകയിരുത്തി അംഗീകരിച്ച "ഠൗൺ ഹാളിന് ഫർണിച്ചർ" എന്ന പദ്ധതി പ്രകാരം നഗരസഭയിലെ ഠൗൺ ഹാളിനു വേണ്ടി മേശ ഒന്നിന് 5000/- രൂപ നിരക്കിൽ 50 മേശ, 250/- രൂപ നിരക്കിൽ 1000 കസേര എന്നിവ വാങ്ങുന്നതിന് വിഭാവനം ചെയ്യുന്നു. എന്നാൽ അംഗീകൃത

പ്രോജക്ടിന് വ്യതിയാനം വരുത്തി, ഠൗൺ ഹാളിൽ നിലവിലുള്ള കസേരകൾ റിപ്പയർ ചെയ്യുന്നതിനായാണ് 4,76,000/- രൂപ ചെലവഴിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണമുള്ള തടി ഫർണിച്ചറുകൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങാൻ, ജി.ഒ.(ആർ.റ്റി.) നം.17/2017/ എസ്.പി.ഡി. തീയതി 16.3.2017 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 17.1.2017 മുതൽ 16.1.2018 വരെയുള്ള കാലയളവിലേയ്ക്ക് മാത്രമാണ് പ്രസ്തുത അനുമതി നൽകിയിട്ടുള്ളത്. റിപ്പയർ വർക്കുകൾ ഏറ്റെടുത്ത് നടത്താൻ കാഡ്കോയ്ക്ക് അനുമതി ലഭിച്ചിട്ടുമില്ല. കസേര റിപ്പയർ ചെയ്ത് നൽകുന്നതിനുള്ള റേറ്റ് രേഖപ്പെടുത്തിയ ഇൻവോയ്സാണ് 27.10.2017ൽ കാഡ്കോ സമർപ്പിച്ചിട്ടുള്ളത്. കാഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ ഫർണിച്ചർ വാങ്ങുന്നതിനായി നഗരസഭയുടെ പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനമെടുത്ത് ഫർണിച്ചർ വാങ്ങൽ നടപടിയ്ക്ക് അംഗീകാരം നൽകേണ്ടതിന് പകരം റിപ്പയർ ചെയ്യുന്നതിനുള്ള ഇൻവോയ്സ് പരിഗണിച്ച്, നഗരസഭയുടെ സാധാരണ കൗൺസിൽ 18.11.2017ൽ കൂടി 9(7)-ാം നമ്പരായി ചുവടെ ചേർക്കും പ്രകാരം തീരുമാനമെടുത്തു. "സ്റ്റീൽ, മരം ഉൽപ്പനങ്ങൾ വിതരണം ചെയ്യുന്നതിന് തയ്യാറാണെന്ന് അറിയിച്ചു കൊണ്ട് കാഡ്കോ സമർപ്പിച്ച ഇൻവോയ്സ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകാവുന്നതാണ്". നഗരസഭയ്ക്ക് ഫർണിച്ചർ വിതരണം നടത്തുന്നതിനുള്ള ഇൻവോയ്സ് പോലും കാഡ്കോ നൽകാത്ത സാഹചര്യത്തിലാണ് കൗൺസിൽ ഇപ്രകാരമൊരു തീരുമാനം കൈക്കൊണ്ടതെന്നതും ശ്രദ്ധേയമാണ്. കൗൺസിലിന്റെ ഇത്തരത്തിലുള്ള തീരുമാനത്തിനെതിരെ നഗരസഭ സെക്രട്ടറി വിയോജനക്കുറിപ്പ് അറിയിച്ചതായി രേഖകളില്ല.

പ്രോജക്ട് വിഭാവനം ചെയ്ത പ്രവൃത്തിയിൽ മാറ്റം വരുത്തുന്നതിനുള്ള കാരണമോ പുതിയ ഫർണിച്ചർ വാങ്ങുന്നതിന് പകരം റിപ്പയർ വർക്കു കൊണ്ട് നഗരസഭയ്ക്ക് ഉണ്ടാകുന്ന നേട്ടമോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മാറ്റം വരുത്തിയ പ്രവൃത്തിയ്ക്ക് അനുസൃതമായി റിവൈസ്ഡ് പ്രോജക്ടിന് അംഗീകാരം തേടിയിട്ടുമില്ല. മേൽ വിഷയം പരിഗണിക്കുന്നതിനായി നഗരസഭാ കൗൺസിൽ 21.12.2017ൽ വീണ്ടും കൂടുകയും കസേര റിപ്പയർ ചെയ്യുന്നതിന് 1,600/- രൂപ നിരക്കിൽ വർക്ക് ഓർഡർ നൽകുന്നതിന് 1(12)-ാം നമ്പരായി തീരുമാനമെടുക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ കാഡ്കോയ്ക്ക് വർക്ക് ഓർഡർ നൽകുകയോ, സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തില്ല. സ്ഥാപനം നടത്തിയ

പ്രവൃത്തിയുടെ തരം, പ്രവൃത്തി പൂർത്തീകരിച്ച തീയതി തുടങ്ങിയവ മോണിറ്ററിംഗ് നടത്തി ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി റിപ്പോർട്ട് നൽകിയതായി കാണുന്നില്ല. കാഡ്കോയുടെ 14.3.2018ലെ ടാക്സ് ഇൻവോയ്സ് നം. KADCO/HO/SALES/2017-18/1496 അടിസ്ഥാനമായി 250 കസേരകളുടെ റിപ്പയറിംഗിനായി ബിൽ നം.16/28.3.2018 പ്രകാരം 4,76,000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന സ്ഥാപനത്തിന് നൽകിയിരിക്കുന്നു. കസേര ഒന്നിന് 1,600/- രൂപ നിരക്കിൽ 250 കസേരകളുടെ റിപ്പയറിംഗിനായി ആകെ 4,00,000/- രൂപ (250 x 1600) യാണ് കാഡ്കോയ്ക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ 4,60,000/- രൂപ അനുവദിച്ചതിനാൽ 76,000/- രൂപ അധികമായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അധികം ചെലവഴിച്ച 76,000/- രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നന്നും തിരികെ ഇൗടോക്കണ്ടതാണ്. പ്രോജക്ടിലെ വ്യതിയാനവും നടപടിക്രമത്തിലെ അപാകതകളും സംബന്ധിച്ച് 17.12.2018ലെ 39/18-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് സെക്രട്ടറി നൽകിയ മറുപടി തൃപ്തികരമല്ല. 1000 എണ്ണം പുതിയ കസേരകളും 50 മേശകളും ൦ൗൺ ഹാളിന് മുതൽ കൂട്ടാവുന്ന സാഹചര്യമാണ് ഭരണസമിതിയുടെ ക്രമപ്രകാരമല്ലാത്ത തീരുമാനത്തിലൂടെ നഷ്ടമായത്. മേൽ കാരണങ്ങളാൽ പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നടത്തിയ ചെലവിനത്തിൽ നിരാകരിച്ച 76,000/- രൂപ കഴിച്ച് ബാക്കി 4,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഇൗ വിഷയത്തിൽ തൃപ്തികരമായ വിശദീകരണം ആവശ്യമാണ്.

## 3-4 ജില്ലാ ടൂറിസംപ്രൊമോഷൻകൗൺസിലിനുവേണ്ടി വസ്തുവാങ്ങൽ-1834560 ചെലവഴിച്ചുവെങ്കിലും, പദ്ധതി ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | :143/18 (ഈരാറ്റിൻപുറം ടൂറിസ്റ്റ് കേന്ദ്രത്തിന് വസ്തു വാങ്ങൽ) |
| അടങ്കൽ | :20,00,000 /- (വികസനഫണ്ട്) |
| ചെലവ് | :18,34,560/- |
| ബിൽ നം. | :13/17.03.2018 |
| ഫയൽ നം. | :E2/18491/16 |

നെയ്യാറ്റിൻകര നഗരസഭയുടെ 27.05.17ലെ 1-ാം നമ്പർ തീരുമാനപ്രകാരം, വികസനഫണ്ടിൽ നിന്നും 18,34,560/- രൂപ ചെലവഴിച്ച് നെയ്യാറ്റിൻകര താലൂക്കിൽ

പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24ൽ റീസർവ്വേ 477/4ൽ ഉൾപ്പെട്ട 16.60 ച.മീറ്റർ സ്ഥലം നഗരസഭ മേൽ പ്രോജക്ടിനു വേണ്ടി വിലയ്ക്ക് വാങ്ങി. 14.03.2018ൽ 382/I/18-ാം നമ്പരായി നഗരസഭാ സെക്രട്ടറിയുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്യുകയുണ്ടായിരുന്നു.

നഗരസഭ വാങ്ങാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട വസ്തുവിന്മേൽ WP(c)നം.5244/18-ാം നമ്പരായി 08.02.2018ൽ ശ്രീ. കരുണാശങ്കറും ഭാര്യ ശ്രീമതി സി.ശ്യാമളയും അവകാശമുന്നയിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് നെയ്യാറ്റിൻകര തഹസിൽദാരുടെ വാലേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (No.A5/10176/18/Kdis/Dtd24.02.18) ആയത് പരിഗണിക്കാതെ നഗരസഭ വസ്തു വാങ്ങുകയാണുണ്ടായത്. വസ്തുവിന്റെ പോക്കുവരവ് നടപടികൾ ആയിട്ടുണ്ടെങ്കിലും മേൽ കേസിന്റെ അന്തിമവിധിക്ക് വിധേയമായി പോക്കുവരവ് നടപടികളിൽ മാറ്റം വരുന്നതായിരിക്കുമെന്ന് 06.04.2018 ലെ 235/18-ാം നമ്പർ കത്തു മുഖേന പെരുമ്പഴുതൂർ വില്ലേജ് ഓഫിസർ നഗരസഭയെ അറിയിച്ചിട്ടുമുണ്ട്.

നെയ്യാർ ഐലന്റിൽ നഗരസഭയ്ക്കുള്ള 2.471 ഏക്കർ സ്ഥലത്ത് ഊരാറ്റിൻപുറം റോക്ക്ഗാർഡൻ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ച് 11.08.2018 ൽ സെക്രട്ടറി ടൂറിസം ഡയറക്ടർക്ക് ഇ2/18491/16-ാം നമ്പരായി കത്ത് നൽകി. ടൂറിസം പദ്ധതിയുടെ വികസനത്തിനായി, നഗരസഭ വാങ്ങിയ 41 സെന്റ് സ്ഥലം കൈമാറുന്നതിന്റ ഉടമസ്ഥാവകാശ പത്രവും പ്രദേശം കൈമാറുന്ന കത്തും നൽകാൻ 25.09.17ലെ ഡി.റ്റി പി.സി/എസ്-163/16/333 നം. കത്തിലൂടെ ഡി.റ്റി.പി.സി. ആവശ്യപ്പെട്ടു. വിലയ്ക്ക് വാങ്ങിയ 41 സെന്റ് വസ്തുവും 477/5 സർവ്വെ നമ്പരിൽ ഉൾപ്പെട്ട 10 സെന്റ് പുറമ്പോക്കും ഉൾപ്പെടെ അകെ 51 സെന്റ് സ്ഥലം സർക്കാർ അനുമതിയോടെ ടൂറിസം വകുപ്പിന് കൈമാറാൻ 29.04.17 ലെ ഭരണസമിതി 15-ാം നമ്പരായി തീരുമാനമെടുത്തതായി ഫയലിലുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ അപ്രകാരമുള്ള തീരുമാനം രേഖപ്പെടുത്തി കാണുന്നില്ല. റോക്ക് ഗാർഡൻ പദ്ധതിക്കുവേണ്ടി, സർക്കാർ അനുമതിക്ക് വിധേയമായി, ടി സ്ഥലം നൽകുന്നതിന് നഗരസഭയ്ക്ക് സമ്മതമാണെന്ന് 22.03.2018 ലെ 16-ാം നമ്പർ തീരുമാന പ്രകാരം സെക്രട്ടറി ഡി.റ്റി.പി.സി.യെ 18.04.2018 ലെ ഇ2/18491/16-ം നം. കത്തിലൂടെ അറിയിച്ചു.

നഗരാതിർത്തിക്കുള്ളിലെ ഒരുവസ്തു പൊതു ആവശ്യത്തിനായി കൈമാറുന്നതിന്/ കയ്യൊഴിയുന്നതിന് സർക്കാരിന്റ മുൻകൂർ അനുമതി തേടണം എന്ന 1994 ലെ കേരളമുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 215(1) പ്രകാരമുള്ള നടപടിക്രമം ഇവിടെ പാലിച്ചില്ല. ഈ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/18) മറുപടിയായി ടി ഭൂമി ഈരാറ്റിൻപുറം ടൂറിസ്റ്റ് കേന്ദ്രത്തിന്റ ആവശ്യത്തിലേക്കാണ് ആർജ്ജിച്ചിട്ടുള്ളതെന്നും സംസ്ഥാന ടൂറിസം വകുപ്പും അതിൻ കീഴിലുള്ള ഡി.റ്റി.പി.സി. എന്ന സ്ഥാപനവുമാണ് പ്രോജക്ട് നടപ്പിലാക്കുന്നതെന്നും ഭൂമി ഔപചാരികമായി ഡി.റ്റി.പി.സി.ക്ക് കൈമാറിയിട്ടില്ലെന്നും അറിയിച്ചു. ഡി പി ആർ തയ്യാറാക്കുന്ന ജോലികൾ ഡി റ്റി പി സി ധൃതഗതിയിൽ നടത്തി വരികയാണെന്നും ഔപചാരികമായി ഭൂമി കൈമാറുന്ന അവസരത്തിൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

ദ്വീപിനകത്തുള്ള സ്ഥലം ടൂറിസം പദ്ധതി നടത്തിപ്പിനായി നഗരസഭ ജലസേചനവകുപ്പിന് കൈമാറിയിട്ടുള്ളതായി തിരുവനന്തപുരം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.11.2018ലെ ഡി4.എബി7.665/18-ാം നമ്പർ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്നും കത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും വസ്തു വാങ്ങലിലും ആയത് കൈമാറുന്നതിലും സുതാര്യവും വ്യവസ്ഥാപിതവുമായ രീതിയിൽ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്നും പദ്ധതി ലക്ഷ്യം കണ്ടില്ലെന്നും വ്യക്തമാണ്. മോണിട്ടറിംഗ് സമിതി പദ്ധതി മോണിട്ടർ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയ്ക്ക് വ്യക്തതയില്ലാത്തതിനാലും പ്രോജക്ട് ഫയലിൽ വസ്തു വാങ്ങലുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ക്രമാനുഗതമായി ചേർത്തിട്ടില്ലാത്തതിനാലും നെയ്യാർ എലെന്റിൽ നഗരസഭയ്ക്ക് സ്വന്തമായുണ്ടായിരുന്ന 2.471 ഏക്കർ സ്ഥലം ഇപ്പോൾ ആരുടെ അധീനതയിലാണെന്നത് സംബന്ധിച്ചും നഗരസഭയ്ക്ക് ഇപ്പോഴും ഉടമസ്ഥാവകാശം ഉണ്ടോ എന്നത് സംബന്ധിച്ചും വ്യക്തതയില്ല. ഹൈക്കോടതിയിൽ കേസ് നിലവിലുള്ള വസ്തു 18,34,560/- രൂപ മുടക്കി ധൃതിയിൽ വാങ്ങി നൽകിയെങ്കിലും ടൂറിസം വികസനം ഇപ്പോഴും വിദൂരഭാവിയിൽ തന്നെയാണ്. മുനിസിപ്പാലിറ്റി നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ചും സർക്കാരിന്റെ മുൻകൂർ അനുമതിയോടെയും മാത്രം

നഗരസഭാ ആസ്തികൾ കൈമാറാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. വികസന ഫണ്ട് ചെലവഴിച്ച് നഗരസഭ നടപ്പിലാക്കിയ വസ്തു വാങ്ങൽ പദ്ധതി ഇതുവരെ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല എന്ന് കാണുന്നു. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കാര്യക്ഷമമായ നടപടികൾ ആവശ്യമാണ്.

## 3-5 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി -

***1) അവലോകനം***

സ.ഉ(സാ.ധാ) നം.1900/13/തസ്വഭവ തിരുവനന്തപുരം തീയതി 18.07.2013 പ്രകാരം അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 കോടി രൂപയാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നത്. എന്നാൽ തയാറാക്കിയ ലേബർ ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് ഏകദേശം 13 കോടി രൂപയാണ്. (13,10,64,000/- രൂപ). ലേബർ ബജറ്റ് തയാറാക്കി 29.07.17ലെ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയിൽ (ഇൻകം ആന്റ് എക്സ്പെൻഡിച്ചർ) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുമില്ല.

ഓഡിറ്റ് വർഷം 44 പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചതിൽ 42 പ്രവൃത്തികളാണ് നിർവഹണം നടത്തിയിരിക്കുന്നത്. 42 വാർഡുകളിലായി കുളം, ചാനൽ, തോട് എന്നിവയുടെ നവീകരണ പ്രവൃത്തികളാണ് നിർവഹിച്ചിരിക്കുന്നത് (ഓരോ വാർഡിലും ഓരോ പ്രവൃത്തി വീതം). തൻവർഷം കൂലിയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

ജലസംരക്ഷണം, വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ), ഭൂവികസനം, കോളനി നവീകരണ പ്രവൃത്തികൾ, പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ തുടങ്ങിയവ ഏറ്റെടുത്ത് നിർവഹണം നടത്തേണ്ടതാണ്. ജി.ഒ (എം.എസ്)79/2017/തസ്വഭവ തിയതി 03.04.17 ഖണ്ഡിക 12.12.2(3)ലെ നിർദ്ദേശപ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി

വീടുകളിൽ കംപോസ്റ്റ് പിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.

| | |
|---|---|
| 2017-18 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 149 |
| 2017-18 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2062 |
| 2017-18 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2062 |
| 100 ദിവസത്തേക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| നഗരസഭയിലെ ആകെ വാർഡുകളുടെ എണ്ണം | 44 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ വാർഡ് സഭകളുടെ എണ്ണം | 44 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 47 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 44 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 42 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 15162 |

*2) <u>വാർഷിക ധനകാര്യപത്രികയിലെയും ക്യാഷ് ബുക്കിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.</u>*

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പാസ് ബുക്ക് (അക്കൗണ്ട് നം 071601060052 കാനറാ ബാങ്ക് നെയ്യാറ്റിൻകര) പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

<u>വിശദാംശങ്ങൾ ചുവടെ</u>

| | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|
| ക്യാഷ് ബുക്ക് പ്രകാരം | 72887.50 | എഴുതി സൂക്ഷിച്ചിട്ടില്ല |
| എ.എഫ്.എസ് പ്രകാരം | 72887.50 | 25,08,999 |
| പാസ് ബുക്ക് പ്രകാരം | 72993.50 | ലഭ്യമല്ല. |

ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പ് റീക്കൺസിലിയേഷൻ നടത്തി ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. 2017-18 വർഷത്തെ മുഴുവൻ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണങ്ങൾക്ക് (നം.15/12.12.2018, 37-1/17.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവു ചെലവ് കണക്കുകൾ കൃത്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അക്കൗണ്ട്- വിശദവിവരങ്ങൾ ലഭ്യമല്ല.

സോളിഡ് വേസ്റ്റ് മാനേജ്മെന്റിനായി കാനറ ബാങ്ക് നെയ്യാറ്റിൻകര ശാഖയിൽ 0716101044974 എന്ന ആക്കൗണ്ട് നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടിലെ വിവരങ്ങൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

<u>വിശദാംശം ചുവടെ</u>

| | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|
| എ.എഫ്.എസ് പ്രകാരം | 41,01,794 | 42,59,401 |
| പാസ് ബുക്ക് പ്രകാരം | 39,80,189 | 42,22,243 |

അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് , റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രകാരം ഭീമമായ തുക 2009 വർഷം മുതൽ മേൽ അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്നു. തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (അന്വേഷണം നം 46/18.12.18).

ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ആയതിന്റെ യഥാർത്ഥ ആവശ്യത്തിന് ചെലവഴിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 മുൻകൂർ ക്രമീകരിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച ചുവടെ ചേർക്കുന്ന മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./ തീയതി | ചെക്ക് നം., തീയതി | തുക (രൂപ) | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/വിഷയം |
|---|---|---|---|---|
| 1 | 43/05.04.17 | 068116-5.4.17 | 7000/- | ശ്രീ. ജയലാൽ (ഡ്രൈവർ) വാഹനത്തിന്റെ |

| | | | | |
|---|---|---|---|---|
| | | | | അറ്റകുറ്റപണിക്ക് |
| 2 | 67/10.5.17 | 068229/10.05.17 | 30000/- | നഗരസഭ അദ്ധ്യക്ഷ, ശുചിത്വമിഷനുമായി ബന്ധപ്പെട്ട പരിപാടിയ്ക്ക് |
| 3 | 150/27.05.17 | 275680/27.05.17 | 10000/- | ശ്രീ. വിനോദ്കുമാർ ജി.വി ഗ്രാമോത്സവം പരിപാടിയ്ക്ക് |
| 4 | 41/06.06.17 | 275704/06.6.17 | 25000/- | ശ്രീ. വിനോദ്കുമാർ ജി.വി , JHI 2nd വിമുക്തി പരിപാടിക്ക് വേണ്ടി |
| 5 | 72/14.06.17 | 275723/14.06.17 | 16000/- | ശ്രീ. വിനോദ്കുമാർ ജി.വി JHI 2nd മരം മുറിക്കുന്നതിന് |
| 6 | 88/20.06.17 | 275732/20.06.17 | 3000/- | ശ്രീ.എസ് രാജേന്ദ്രൻ പിള്ള JHI Is |
| 7 | 92/20.06.17 | 275732/20.06.17 | 2500/- | ശ്രീ. വിനോദ്കുമാർ ജി.വി JHI 2nd മരം മുറിക്കുന്നതിന് |
| 8 | 47/03.07.17 | 275742/3.7.17 | 20000/- | ശ്രീ. വിനോദ്കുമാർ ജി.വി JHI 2nd ബ്ലീച്ചിംഗ് പൗഡർ വാങ്ങിയത് |
| 9 | 80/10.07.17 | 275763/10.07.17 | 3000/- | ശ്രീ. ശ്രീ. വിനോദ്കുമാർ ജി.വി JHI 2nd മരം മുറിക്കുന്നതിന് |
| 10 | 152/28.07.17 | 275792/28.07.17 | 25000/- | ഡോ.വി.എ അനിൽകുമാർ വെറ്റി.സർജൻ , എ.ബി.സി പ്രോഗ്രാമിന് വേണ്ടി |
| 11 | 89/10.08.17 | 534487/10.08.17 | 10000/- | ഡോ.വി.എ അനിൽകുമാർ വെറ്റി.സർജൻ , എ.ബി.സി പ്രോഗ്രാമിന് വേണ്ടി |
| 12 | 92/14.08.17 | 534489/14.08.17 | 7000/- | ശ്രീ.വിനോദ്കുമാർ JHI Iind സ്വാതന്ത്രദിനാഘോഷത്തിന് |
| 13 | 25/03.11.17 | 968135/04.11.17 | 100000/- | ശ്രീ.പി.കെ ശശികുമാർ HI , ശിശുദിന നടത്തിപ്പിന് |
| 14 | 95/10.11.17 | 968178/10.11.17 | 100000/- | ശ്രീ.പി.കെ ശശികുമാർ HI , ശിശുദിന നടത്തിപ്പിന് |
| 15 | 126/24.11.17 | 724302/24.11.17 | 50000/- | ഡോ.വി.എ അനിൽകുമാർ വെറ്റി.സർജൻ , എ.ബി.സി പ്രോഗ്രാമിന് വേണ്ടി |
| 16 | 63/7.12.17 | 724346/07.12.17 | 250/- | ശ്രീ.വിനോദ്കുമാർ JHI Iind , ബോർഡ് സ്ഥാപിക്കുന്നതിന് |
| 17 | 156/25.01.18 | 724428/25.01.18 | 5000/- | ശ്രീ.വിനോദ്കുമാർ JHI Iind , റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് |
| 18 | 84/6.2.18 | 899246/6.2.18 | 10000/- | ശ്രീ ബിജു.പി.എസ് , RI , തൊഴിൽ നികുതി കളക്ഷനുമായി ബന്ധ6പ്പെട്ട് |
| 19 | 16/1.3.18 | 964733/1.3.18 | 3000/- | ശ്രീ സുജ , JHI കടന്നൽകൂട് |

| | | | | |
|---|---|---|---|---|
| | | | | നശീകരണം |
| 20 | 51/13.03.18 | 964666/13.03.18 | 5500/- | ശ്രീ ജയലാൽ ഡ്രൈവർ, റിപ്പയറിംഗ് ചാർജ് KL20C8105 |
| 21 | 127/21.03.18 | 9646708/21.3.18 | 100000/- | ശ്രീമതി ജെൻസി ജോസഫ്, ബഡ്ജറ്റ് 18-19 ചെലവ് |
| | ആകെ | | 532250/- | |

സ.ഉ.(പി)419/11/ധന. തീയതി 04.10.2011, കെ.എഫ്.സി. വാല്യം-1 ആർട്ടിക്കിൾ 99 എന്നിവ പ്രകാരം മുൻകൂറുകൾ അനുവദിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. ഈ കാലയളവിനുള്ളിൽ ക്രമീകരിക്കപ്പെടാത്ത മുൻകൂറുകൾ, തുക അനുവദിച്ച തീയതി മുതൽ തിരികെ ഈടാക്കുന്ന തീയതി വരെ 18% നിരക്കിൽ പിഴ ഉൾപ്പെടുത്തി മുഴുവൻ തുകയും ഒറ്റതവണയായി ഈടാക്കേണ്ടതാണ്. മുൻകൂർ ക്രമീകരിക്കുന്നവരിൽ നിന്നും പലിശ സഹിതം തുക തിരികെ ഇൗടാക്കേണ്ടതാണ്. (നം. 31/ 15.12.2018) തുടർനടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-8 ലൈബ്രറി സെസ്സ്- യഥാസമയം അടവാക്കുന്നില്ല.

നെയ്യാറ്റിൻകര നഗരസഭയുടെ 2017-18 വർഷത്തെ എ.എഫ്.എസ് ബി 9 ഷെഡ്യൂൾ പ്രകാരം 3004261.15 രൂപ ലൈബ്രറി സെസ് ഇനത്തിൽ അടവാക്കാനവശേഷിച്ചിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റ് തിയതിവരെയും അടവാക്കിയിട്ടില്ല.

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ തീയതി 20.09.2005 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാം ഗഡു നവംബർ 30നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തിയാൽ അത് നഗരസഭയുടെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കേണ്ടതുമാണ്.

തുക അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 43/ 17.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി ലൈബ്രറി കൗൺസിലിലേയ്ക്ക് തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇൗ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കുന്നില്ല - മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1996-ൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക മാസാമാസം അടവാക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങളും പെൻഷൻ തുകയും വിതരണം ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടുകളും ധനവിനിമയ രേഖകളും പരിശോധിച്ചതിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുക അടക്കുന്നില്ല എന്നു വ്യക്തമായി. ഇത് താഴെ പറയുന്ന ചട്ട ലംഘനങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

**എ)** കേരള മുനിസിപ്പാലിറ്റി ഡി.സി.ആർ.ബി. റൂൾസ് 1996 റൂൾ 6-ൽ പ്രതിപാദിച്ചിരിക്കുന്ന സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതായ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ 15% വരുന്ന തുക എല്ലാ മാസവും ജീവനക്കാരുടെ ശമ്പള ബില്ലിനോ ടൊപ്പം പിൻവലിക്കേണ്ടതും അതതുമാസം 25-നു മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതുമാണ്. എന്നാൽ 2016-17 വർഷത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ മുനിസിപ്പാലിറ്റി തുകയൊന്നും തന്നെ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല.

**ബി)** 1996-ലെ ടി ചട്ടങ്ങളിലെ ചട്ടം റൂൾസ് 8 (4), (5), (6) എന്നിവ പ്രകാരം തുക അടവാക്കുന്നതിന് കാലതാമസം നേരിടുകയോ അടക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം നഗരകാര്യ ഡയറക്ടറുടെ നിർദേശ പ്രകാരം പലിശ സഹിതം അടവാക്കേണ്ടതും അല്ലാത്ത പക്ഷം മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 309 പ്രകാരമുള്ള നടപടികൾക്ക് സെക്രട്ടറി വിധേയമാകേണ്ടതുമുണ്ട്.

**സി)** സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാകുന്ന തുക സെക്രട്ടറിയുടെ പേരിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണത്തിന് മാത്രമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു പെൻഷൻഫണ്ട് നിലവിൽ ഇല്ല എന്ന് ഓഡിറ്റ് എൻക്വയറി നം.56-ന് മറുപടി നൽകിയിട്ടുണ്ട്.

**ഡി)** ചട്ട വിരുദ്ധമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക അടക്കാതിരിക്കുന്നതും മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കാതിരിക്കുന്നതും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുനിസിപ്പൽ ഫണ്ടിൽ നിന്ന് നേരിട്ട് നൽകുന്നതും പ്രത്യേക ഫണ്ടിന്റെ

അഭാവത്തിലുള്ള പലിശ നഷ്ടത്തിനും പെൻഷൻ വിതരണത്തിനാവശ്യമായ തുക ലഭ്യമല്ലാത്ത സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനും തുടർന്നുള്ള നിയമ പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നും ചട്ടലംഘനത്തിനുള്ള നിയമ നടപടികൾക്ക് വിധേയമാകേണ്ടി വരുമെന്നും വിലയിരുത്തുന്നു. ആയതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ എല്ലാമാസവും കൃത്യമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കുന്നതിനും മുനിസിപ്പൽ പെൻഷൻഫണ്ട് പരിപാലിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-10 വാഹനപരിപാലനം- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിൽ 9 വാഹനങ്ങളാണുള്ളത്. വാഹനങ്ങളുടെ റിപ്പയറിനായി 527010 (എ.എഫ്.എസ് പ്രകാരം) രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 30.6.2007ലെ ജി.ഒ.(എം.എസ്)170/07 തസ്വ.ഭ.വ നമ്പർ സർക്കാർ നിർദ്ദേശ പ്രകാരം വാഹന പരിപാലനവുമായി ബന്ധപ്പെട്ട് ഇന്ധന രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, ലോഗ് ബുക്ക് എന്നിവ പരിപാലിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ റിപ്പയർ വിവരങ്ങൾ രേഖപ്പെടുത്തി റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

എല്ലാ വാഹനങ്ങളുടെയും ലോഗ്ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(i) KL20E- 626 (Tipper)

(ii) KL 20F- 942 (Tanker Lorry)

(iii) KL 20- 3277 (നഴ്സറി സ്കൂൾ വാൻ)

(iv) KL 20C- 8105

(v) KL 20D-2612 (സ്കൂട്ടർ) എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 10.12.2018 ലെ ഓഡിറ്റ് എൻക്വയറി 5, 15.12.18 ലെ ഓഡിറ്റ് എൻക്വയറി 25 എന്നിവ പ്രകാരം വാഹനങ്ങളുടെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ആവശ്യപ്പെട്ടുവെങ്കിലും ഇന്ധന രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയത്. പ്രസ്തുത രജിസ്റ്ററിൽ കെ.എൽ 20D-2612, കെ.എൽ 20D-5321, കെ.എൽ20C-5714, കെ.എൽ 20D-7790 എന്നീ വാഹനങ്ങളുടെ ഇന്ധന വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് വാഹനങ്ങളുടെ ഇന്ധനം നിറക്കൽ രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

വാഹന പരിപാലനവുമായി ബന്ധപ്പെട്ട് ലോഗ് ബുക്ക്, റിപ്പേയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതും രേഖപ്പെടുത്തലുകൾ കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-11 കരാർ ഉടമ്പടിയിൽ ഏർപ്പെടാനുള്ള കാലതാമസം- പിഴ ഈടാക്കാതെ ബിൽ തുക നൽകി-10581 രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | :ഫോർട്ട് വാർഡ്—വടക്കേകോട്ട ലെയിൻ ഇന്റർ ലോക്കിംഗ്, ഓട നിർമ്മാണവും സ്ലാബിടലും |
| പ്രോജക്ട് നംപർ | :( SO 360/18) |
| ചെലവ് തുക | :10,13,034/- |
| ഫണ്ടിനം | :CFC |
| എസ്റ്റിമേറ്റ് ആധാരം | :DSR 14 with CI SO. 98% |
| കോൺട്രാക്ടർ | :ബെൻഹം പ്രസാദ് |
| ബിൽനം | :9010 SO. 289/23.2.18 |

നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എൻജിനീയർ പ്രവൃത്തിയുടെ കോൺട്രാക്ടറായ ശ്രീ ബെൻഹം പ്രസാദിന് 23.10.2017-ൽ E2/19262/17 എന്ന സെലക്ഷൻ നോട്ടീസ് നല്കി. ഇതു പ്രകാരം 30.10.2017-ന് മുമ്പായി പിഴകൂടാതെ കരാർ ഉടമ്പടി വയ്ക്കേണ്ടതും കരാർ തുകയുടെ 1% പിഴയോടെ 6.11.17- തീയതി വരെ കരാർ ഉടമ്പടി വയ്ക്കാവുന്നതും ആണ്. എന്നാൽ 2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009-6 പ്രകാരം, പിഴയില്ലാതെ 14 ദിവസവും പിഴയോടെ അടുത്ത 10 ദിവസവും ടെണ്ടർ അവാർഡ് ചെയ്യുന്ന തീയതി മുതൽ ലഭ്യമാണ്. എന്നിരുന്നാലും കോൺട്രാക്ടർ, അസിസ്റ്റന്റ് എൻജിനീയറുമായി കരാറിൽ ഏർപ്പെട്ടത് പിഴ നൽകേണ്ട കാലയളവിലെ 10.11.17-ൽ ആണ്.

ലഭ്യമാക്കിയ ഫയലിൽ പിഴ ഈടാക്കിയിട്ടില്ല. ഈ കാര്യം പരാമർശിച്ച ഓഡിറ്റ് എൻക്വയറി 44/18.12.18-ന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ 1% of 1058117.38 = 10581 രൂപ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ ഉദ്യോസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>മറ്റ് അപാകതകൾ</u>

1. എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ മാപ്പ് തുടങ്ങിയവ ഫയലിൽ ലഭ്യമല്ല.
2. പ്രോജക്ട് രൂപികരണ ഫോറം 2 പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നിർവഹണം നടത്തേണ്ടതാണ്. എന്നാൽ ടെണ്ടർ നടപടികളിലൂടെ കോൺട്രാക്ടറെ തിരഞ്ഞെടുത്ത് പദ്ധതി നടത്തിയിരിക്കുന്നു.

3. 200000, 25000, 25000 രൂപ ക്രമത്തിൽ പെർഫോമൻസ് ഗ്യാരന്റി, ട്രഷറി സെക്യൂരിറ്റി, ബാങ്ക് സെക്യൂരിറ്റി ഇവ ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

## 3-12 നടപ്പാലം ബലപ്പെടുത്തൽ - എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തിയുടെ നിർവഹണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | :SO 94/18 |
| പ്രോജക്ടിന്റെ പേര് | :(ഏലിയാവൂർ നക്കോട് പാലത്തിന്റെ പുനരുദ്ധാരണം.) |
| അടങ്കൽ തുക | :3,00,000 |
| ചെലവ് തുക | :2,89,512 |
| എം ബുക്ക് | :122/16-17 |
| കൺവീനർ | :ഷെറിൻ ദാസ് |
| എസ്റ്റിമേറ്റ് ആധാരം | :DSR 14 with CI 46.67% |
| ബിൽ നമ്പർ | :140306/17-18 dt 09.06..17 |
| നിർവ്വഹണഉദ്യോഗസ്ഥൻ | :മുനിസിപ്പൽ എൻജിനീയർ |

നിലവിലുള്ള നടപ്പാലം ബലപ്പെടുന്ന പ്രവൃത്തിയ്ക്ക് 3 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കിയിരുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച്, ലൊക്കേഷൻ മാപ്പ് തുടങ്ങിയവ ഉൾപ്പെടുത്താത്ത ഫയലാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. നിലവിലുണ്ടായിരുന്ന നടപ്പാലത്തിനെ ബലപ്പെടുത്തി വിസ്തീർണ്ണം വർദ്ധിപ്പിക്കുകയാണ്. പദ്ധതി ലക്ഷ്യം എസ്റ്റിമേറ്റിൽ പരാമർശിക്കപ്പെടാത്ത പാരപ്പെറ്റ്, എം.ബുക്കിൽ പ്രാവർത്തികമാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 51.83kg കമ്പിയും $M_{20}$ ഗ്രേഡിലുള്ള 0.52$m^3$ സിമന്റ് കോൺക്രീറ്റും ഉപയോഗിച്ചതായി രേഖപ്പെടുത്തലുകളുണ്ട്. സ്ലാബ് നിർമ്മാണം, പാരപ്പെറ്റ് എന്നിവയ്ക്കായി 455.45kg കമ്പി ഉപയോഗിക്കേണ്ടതായുണ്ട്. ഗുണഭോക്തൃ സമിതി ഹാജരാക്കിയ, പാസാക്കിയ കണക്കുകൾ പ്രകാരം 420kg കമ്പിയാണ് വാങ്ങിയിട്ടുള്ളത് (ബിൽ നംമ്പർ 669/10.4.17, A.J. Hardwares, Neyyattinkara).

*പാരപ്പിറ്റിനായി ചെലവഴിച്ച തുക*

| | |
|---|---|
| ഇനം (1) കോൺക്രീറ്റ് 0.52x8461.46 | = 4399.95 |
| ഇനം (2) കമ്പി 51.83 കി.ഗ്രാം x 87898.98/tonne | = 4555.80 |
| ആകെ തുക | = 8956.00 |

വാങ്ങിയ കമ്പിയുടെ അളവും, ആവശ്യമായ കമ്പിയുടെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ ടി പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനമാണ്. ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 ഗ്രൗണ്ടിൽ മണ്ണ് നിറക്കൽ- അധിക നിരക്ക് നൽകി - 42,966/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | :നെയ്യാറ്റിൻകര നഗരസഭ ബോയ്സ് സ്കൂൾ നവീകരണം |
| പ്രോജക്ടിന്റെ നമ്പർ | :50004/18 |
| നിർവഹണ ഉദ്യോഗസ്ഥൻ | :മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | :28,23,000/- |
| ചെലവ് തുക | :22,42,279/- |
| ഫണ്ടിനം | :MG (NR) |
| എസ്റ്റിമേറ്റ് ആധാരം | :DSR With CI 46.67% |
| കോൺട്രാക്ടർ | :റ്റി.റ്റി. പ്രവീൺ |
| ബിൽ നമ്പർ | :720778/17-18 തീയതി 06.01.18 |
| എം .ബുക്ക് | :170/16-17 |
| ഓഡിറ്റ് എൻക്വയറി നമ്പർ | :44/17.12.18 (മറുപടി ലഭ്യമാക്കിയത്) |

നഗരസഭയിലെ ബോയ്സ് സ്കൂൾ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയ്ക്ക് 28,23,000/- രൂപയാണ് അടങ്കൽ കണക്കാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് ഹാജരാക്കാത്ത പ്രസ്തുത പ്രവൃത്തിയുടെ ഇനം 22 പ്രകാരം 397.83 എം$^3$ മണ്ണ് ഗ്രൗണ്ടിൽ നിറച്ചിട്ടുണ്ട്. ഫൗണ്ടേഷന്റെ വശങ്ങളിലും ട്രെഞ്ചസുകളിലും മണ്ണ് നിറയ്ക്കുന്നതിന് നൽകുന്ന DSR Code 50.2.25.1 പ്രകാരമുള്ള നിരക്കാണ് ഗ്രൗണ്ടിൽ മണ്ണ് നിറയ്ക്കാൻ നൽകിയിട്ടുള്ളത്. 38 x 40 ചതുരശ്രമീറ്ററിൽ മണ്ണ് നിറയ്ക്കുന്നതിന് 50.2.26.1 എന്ന DSR Code ആണ് അനുവദനീയമായിട്ടുള്ളത്.

| | |
|---|---|
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് | :442.72 |
| കോൺട്രാക്ടർ സ്വീകരിച്ച നിരക്ക് | :400/- |
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന നിരക്ക് | :292/- (DSR code 50.2.26.1 പ്രകാരമുള്ളത്) |
| 1m$^3$ മണ്ണിന് നൽകിയ അധിക നിരക്ക് | :108/- (400-292) |
| അധികം നൽകിയ തുക | :42966/- രൂപ (108 x 397.83) |

നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

## 3-14 കോൺക്രീറ്റ് നിരക്ക് നിശ്ചയിക്കുന്നതിൽ അപാകത-അധിക

# നിരക്ക് നൽകിയതിലൂടെ 17935/-രൂപ നഷ്ടമായി .

MORD/DSR 2016 പ്രകാരം PCC grade M10 കോൺക്രീറ്റിനായി, 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയും വിധം വ്യത്യസ്ത cost index പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| | | | | |
|---|---|---|---|---|
| സിമന്റ് | tonne | 0.25 | 5792.24 | 1448.06 |
| മണൽ | $m^3$ | 0.48 | 1303.77 | 625.81 |
| 40 mm മെറ്റൽ | $m^3$ | 0.576 | 1362.79 | 784.97 |
| 20mmമെറ്റൽ | $m^3$ | 0.288 | 1403.77 | 404.29 |
| 10mmമെറ്റൽ | $m^3$ | 0.096 | 1403.77 | 134.76 |
| മേറ്റ് | Day | 0.09 | 407.00 | 36.63 |
| മേസൺ | Day | 0.1 | 487.00 | 48.70 |
| മസ്ദൂർ | Day | 2.0 | 368.00 | 736.00 |
| ബിസ്തി | Day | 0.27 | 407.00 | 109.89 |
| 1m3 നുള്ള നിരക്ക് | | | | 4329.11 |
| ഓവർഹെഡ് ചാർജ് | | | | 432.91 |
| കോൺട്രാക്ടർ പ്രോഫിറ്റ് | | | | 476.20 |
| ആകെ | | | | 5238.22 |
| ഗുണഭോക്തൃ സമിതി മുഖേന | | | | 4762.02 |

കോൺട്രാക്ടർ, ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാലയളവിലെ cost index കൂടി പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കപ്പെടുന്നത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിരക്ക് കണക്കാക്കുന്നതിലെ അപാകത കാരണം പ്രവൃത്തികൾക്ക് കൂടുതൽ തുക ചെലവാക്കേണ്ടി വന്നിട്ടുണ്ട്.

*1) <u>കാവു വിള- കൊന്ന മൂട് റോഡ് ഓട നിർമ്മാണം</u>*

| | |
|---|---|
| പ്രോജക്ട് നമ്പർ | SO85/18 |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 2,00,000.00/- |
| ചെലവ് തുക | 1,94,182.00/- |
| ഫണ്ടിനം | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| എസ്റ്റിമേറ്റ് ആധാരം | DSR16 with CI 50.98% |
| കൺവീനർ | D.തങ്കരാജൻ |
| ബിൽ നമ്പർ | 168638/22.6.17 |
| എം.ബുക്ക് നമ്പർ | 124/16-17 |

ടി പ്രവൃത്തിയുടെ ഒരു ഇനമായി P C C M10 കോൺക്രീറ്റ് 14.400 $M^3$ അളവിൽ ഉപയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| $1m^3$ കോൺക്രീറ്റിന് നൽകിയ തുക | 7477.28 |
| $1m^3$ കോൺക്രീറ്റിന് നൽകേണ്ട തുക | 4762.02 X 1.5098 = 7189.70 |
| $1m^3$ കോൺക്രീറ്റിന് അധികം നൽകിയ തുക | 287.58 |
| അധികമായി നൽകിയ ആകെ തുക | 4141.152 (14.4 x 287.58) |

2) *<u>പ്രോജക്ടിന്റെ പേര് : ടൗൺ വാർഡിൽ മൂന്നു കല്ലിൽ മൂട് മുതൽ ലക്ഷ്മി നഗർ വരെ ഓട, സ്ലാബ് ഇടൽ</u>*

| | |
|---|---|
| പ്രോജക്ട് നമ്പർ | SO229/18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 495000 |
| ചെലവ് തുക | 390483.00 |
| ഫണ്ടിനം | വികസന ഫണ്ട് |
| എസ്റ്റിമേറ്റ് ആധാരം | DSR16 with C I 50.98% |
| ബിൽ നം. | 961823/31.01.2018 |
| എം.ബുക്ക് | 44/17-18 |

ടി പ്രവൃത്തിയിൽ ഇനം 2 ആയി DSR കോഡ് 11.4.1.2 പ്രകാരം M10 ഗ്രേഡിലുള്ള സിമന്റ്

കോൺക്രീറ്റ് $10.52m^3$ ഉപയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| $1m^3$ കോൺക്രീറ്റിന് നൽകിയ തുക | 8225.01 |
| $1m^3$ കോൺക്രീറ്റിന് നൽകേണ്ട തുക | 7908.66<br>(5238.22 x 1.5098) |
| അധികമായി നൽകിയ തുക | 316.35 |
| അധിക നിരക്കിലൂടെ നഷ്ടമായ തുക | 3328.002 X87%<br>= 2895 |

*<u>3) പ്രോജക്ട് - ഇളവനിക്കര വാർഡിൽ മാമ്പഴക്കര മുല്ലക്കാട് റോഡിൽ ഓട നിർമ്മാണം</u>*

| | |
|---|---|
| പ്രോജക്ട് നമ്പർ | SO279/18 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 495000.00 |
| ചെലവ് തുക | 439410.00 |
| ഫണ്ടിനം | വികസന ഫണ്ട് |
| എസ്റ്റിമേറ്റ് അധാരം | DSR 16 with C I 50.98% |
| കോൺട്രാക്ടർ | സതികുമാർ (1%below) |
| ബിൽ നമ്പർ | 1149768/13.3.2018 |
| എം.ബുക്ക് | 96/17-18 |

സൂചിത പ്രവൃത്തിയിൽ ഇനം 3 ആയി DSR കോഡ് 11.4.1.2 പ്രകാരം M10 ഗ്രേഡിലുള്ള സിമന്റ് കോൺക്രീറ്റ് $34.80m^3$ഉപയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| നൽകിയ നിരക്ക് | $8225.01/m^3$ |
| നൽകേണ്ട നിരക്ക് | $7908.66/m^3$ |
| അധികം നൽകിയ തുക | $316.35/m^3$ |
| അധിക നിരക്കിലൂടെ നഷ്ടമായ തുക | 10899 |

അധിക നിരക്ക് നൽകിയതിലൂടെ നഷ്ടപ്പെട്ട 17,935/-രൂപ ഉത്തരവാദികളായ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച -

## കാരണങ്ങൾ കണ്ടെത്തി പരിഹരിക്കണം

സാമ്പത്തിക വർഷത്തിൽ 79 സ്പിൽ ഓവർ പ്രോജക്ടുകൾ മുനിസിപ്പൽ എഞ്ചിനീയർ മുഖേനയും പുതിയ പ്രോജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേനയും നടപ്പിലാക്കുവാൻ ആകെ 19,41,79,628/- രൂപ അടങ്കൽ തുകയായി നീക്കി വച്ചിരിക്കുന്നു. സ്പിൽ ഓവർ പ്രോജക്ടുകളിൽ 72 എണ്ണവും പുതിയ പദ്ധതികളിൽ 95 എണ്ണവും നടപ്പിലാക്കി. 258 പ്രോജക്ടുകളിൽ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾക്കായി 11,21,90,490/-രൂപ ചിലവഴിച്ചിട്ടുണ്ട്. അടങ്കൽ തുകയുടെ 58% മാത്രം ചെലവഴിക്കപ്പെട്ടതും 79 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാൻ തൻ വർഷം ഉണ്ടായതും വർക്കിംഗ് ഗ്രൂപ്പ് മുതൽ ഭരണ സമിതി വരെ വിശകലനം ചെയ്യേണ്ട വിഷയമാണ്.

## 3-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-20,00,000/-രൂപ തടസ്സപ്പെടുത്തുന്ന

| | |
|---|---|
| പ്രോജക്ടിൻെറ പേര് | :പൈപ്പ് ലൈൻ എക്സറ്റൻഷൻ |
| പ്രോജക്ട് നം | :so191/18 |
| അടങ്കൽ തുക | :20,00000/-(വികസനഫണ്ട് എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :പട്ടികജാതി വികസനഓഫീസർ |
| ചെലവ് തുക | :20,00,000/- |
| ബിൽ നം/തീയതി | :1/17-18,31.07.17 |

നെയ്യാറ്റിൻകര നഗരസഭ പട്ടികജാതി വികസന ഓഫീസിൻെറ കീഴിലുള്ള 7 എസ്.സി കോളനി വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് 20 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്.നിയമാനുസൃത കരാറിലേർപ്പെടാതെയാണ് തുക നൽകിയിട്ടുള്ളത്.കൂടാതെ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.14-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് വിവരം എന്നിവയുടെ അഭാവത്തിൽ ചെലവ്

തുകയായ 20 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 പഠനമുറി നിർമ്മാണത്തിന് ധനസഹായം- 47,24,989/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിൻെറ പേര് | :വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ |
| പ്രോജക്ട് നം | :so152/18 |
| അടങ്കൽ തുക | :88,00,000/-(വികസനഫണ്ട് എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :പട്ടികജാതി വികസനഓഫീസർ |
| ചെലവ് തുക | :4724989/- |
| ബിൽ നം/തീയതി | :1) 2/17-18,18.01.18 : 350,000/- |
| | 2) 7/17-18,18.01.18 : 5,50,000/- |
| | 3) 11/17-18,20.01.18 : 2,00,000/- |
| | 4) 17/17-18,19.12.18 : 5,25,000 |
| | 5) 19/17-18,24.02.18 1,00,000/- |
| | 6) 28/17-18.31.03.18 : 16,00,000/- |
| | 7) 29/17-18,31.03.18 : 24,999/- |
| | 8) 30/17-18,31.01.18 : 75000/-, |
| | 9) 31/17-18, 31.01.18 : 249990/- |
| | 10) 32/17-18, 31.01.18 : 1050000/- |
| | ആകെ : 47,24,989/- രൂപ |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

**(1)** പഠനമുറി ഒരുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുത്ത് ആയതിൻെറ അടിസ്ഥാനത്തിലാണ് പരമാവധി 1 ലക്ഷം രൂപ അനുവദിക്കേണ്ടത്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മെഷർമെൻെറ് എടുക്കുകയോ ചെയ്തതായി രേഖകളില്ല.

**(2)** മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ സഹായം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം പട്ടികജാതി വകുപ്പിൽ നിന്നും ഹാജരാക്കണം. ഇപ്രകാരമുള്ള സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടില്ല.

**(3)** ഉത്തരവ് പ്രകാരം നിർമ്മിക്കേണ്ടതായ പഠനമുറിയുടെ അളവ് 120 ചതുരശ്രഅടി എന്നത് ഉറപ്പ് വരുത്തുവാൻ തക്കതായ രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല.

**(4)** ഉടമസ്ഥാവകാശ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടില്ല.

**(5)** പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

**(6)** മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

പ്രസ്തുത അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42ന് മറുപടി ലഭ്യമാക്കിയില്ല.

ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ടി കാരണങ്ങളാൽ ചെലവ് തുകയായ 47,24,989/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-18 എസ്.സി.വിഭാഗക്കാരുടെ ഭവനങ്ങളുടെ മേൽക്കൂരമാറ്റൽ-7,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിൻെറ പേര് | -എസ്.സി.വിഭാഗക്കാരുടെ ഭവനങ്ങളുടെ മേൽക്കൂരമാറ്റൽ |
| പ്രോജക്ട് നം | -so202/18 |
| അടങ്കൽ തുക | -15,00,000/- (വികസനഫണ്ട് എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | -പട്ടികജാതി വികസനഓഫീസർ |
| ചെലവ് തുക | -15,00,000/- |
| ബിൽ നം/തീയതി | -4/17-18,18.01.18,<br>6/17-18,18.01.18,<br>13/17-18, 31.01.18,<br>16/17-18, 19.02.18<br>18/17-18, 24.02.18 |

സ.ഉ.(എം.എസ്.)നമ്പർ 80/2017/ത.സ്വ.ഭ.വ. തീയതി 3.4.2017 ഖണ്ഡിക 8.6 ക്രമ നം. 1ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ചുമർ ബലമുള്ളതും എന്നാൽ മേൽക്കൂര ഓല/പുല്ല് /തകര ഷീറ്റ്/ ആസ്ബസ്റ്റോസ് ഉപയോഗിച്ച് മേഞ്ഞതും ആയ വീടുകൾ ആയിരിക്കണം. അല്ലെങ്കിൽ ജീർണിച്ച് ഓടിട്ട മേൽക്കൂരയായിരിക്കണം. എന്നാൽ പദ്ധതിയിലെ ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം സമർപ്പിച്ച ഉടമവസ്ഥാവകാശ സർട്ടിഫിക്കറ്റിലെ വീട്ടുനമ്പർ അസ്സസ്മെന്റ് രജിസ്റ്ററുമായി

പരിശോധിച്ചിതൽ നിന്നും മുകളിൽ പറയുന്ന നിബന്ധനകൾ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിൻെറ പേര് | വീട്ടുനമ്പർ | മേൽക്കൂര (അസ്സ്മെൻെറ് രജിസ്റ്റർ പ്രകാരം) | വർഷം |
|---|---|---|---|
| ബിനുകുമാർ,വിദ്യാഭവൻ | PP III 59A | ടെറസ് | 2001-02 |
| അജിത്കുമാർ.ടി | PP III 337A | ടെറസ് | 2002-03 |
| സ്മിത.ടി | PP VIII 393A | ടെറസ് | 2007-08 |
| വിജയൻ | PP IV136A | ടെറസ് | 2013-14 |
| പുഷ്പലത | PP I 643C | ടെറസ് | 2009-10 |
| എ.സുന്ദരൻ | PP III 635 | ടെറസ് | 2002-03 |
| ലളിത | NMC VIII 296 D | ടെറസ് | 2013-14 |
| ജയലത | NMC XIV238 D | ടെറസ് | 2007-08 |
| രമണി.എസ് | NMC IV 38E | ടെറസ് | 2013-14 |
| കവിത.കെ | NMC V251A | ടെറസ് | 2012-13 |

മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ മേൽ 10 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വാർഡ്സഭാ മിനിട്സുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 41 ന് മറുപടി ലഭ്യമായില്ല. ഗുണഭോക്താക്കൾക്ക് 75,000/- രൂപ വീതം ആകെ (75,000x10) 750000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. യഥാർത്ഥ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-19 സൈക്കിൾ വാങ്ങി നൽകൽ-ചെലവ് തുക 2,53,760/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിൻെറ പേര് | :8,9 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകൽ |
| പ്രോജക്ട് നം | :so158/18 |
| അടങ്കൽ തുക | :5,00,000/- (വികസനഫണ്ട് എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :പട്ടികജാതി വികസനഓഫീസർ |
| ചെലവ് തുക | :2,53,760/- |
| ബിൽ നം/തീയതി | :27/17-18,22.03.18 |

പ്രസ്തുത പ്രോജക്ട് നടത്തിപ്പിലേക്കായി കുറഞ്ഞ ടെൻഡർ ക്വാട്ട് ചെയ്ത സനൽ സൈക്കിൾസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ട് പെൺകുട്ടികൾക്കുള്ള 19 സൈക്കിളുകൾ, ആൺകുട്ടികൾക്കുള്ള 25 സൈക്കിളുകൾ എന്നിങ്ങനെ ലഭ്യമാക്കുന്നതിന് 2,53,760/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ അസ്സൽ രസീത് ഓഡിറ്റിന് സമർപ്പിച്ച ഫയലിനോടൊപ്പം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.29-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അസ്സൽ രസീതിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രസീത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-20 മഴക്കാല പൂർവശുചീകരണം - അധിക തുക നൽകി. 29480/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | :മഴക്കാലപൂർവ ശുചീകരണം |
| പദ്ധതിയുടെ നമ്പർ | :S0139/18 |
| അടങ്കൽ തുക | :5,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവുതുക | :249480 |
| ബിൽ നമ്പർ | :378/18, 31.03.18 – 2,15,460/-<br>386/18, 31.03.18 – 34,020/- |
| ആകെ | :2,49,480/- |

നെയ്യാറ്റിൻകര നഗരസഭയുടെ വിവിധ വാർഡുകളിലെ ഓടകൾ മഴക്കാലത്തിനുമുമ്പ് വൃത്തിയാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക ലഭ്യമാക്കാൻ കാലതാമസം നേരിടുമെന്നതിനാൽ ശുചിത്വമിഷൻ ഫണ്ട് നൽകാൻ സാധികാത്തതിനാൽ, വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ തരാമെന്ന വ്യവസ്ഥയിൽ മുനിസിപ്പാലിറ്റിക്ക് അവരുടെ പദ്ധതി വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വാർഡൊന്നിന് 10,000/- രൂപ വീതം ചെലവ് നടത്താവുന്നതാണ് എന്ന് സർക്കാർ ഉത്തരവുണ്ട്. നെയ്യാറ്റിൻകര നഗരസഭയുടെ 22 വാർഡുകളിലാണ് പദ്ധതിപ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. ഓരോ വാർഡിനും 11,340/- രൂപ വീതം പിൻവലിച്ചെങ്കിലും തുക വിതരണം ചെയ്തിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി 1340/- രൂപ വീതം അധികം ചെലവഴിച്ചിട്ടുണ്ട്. (1340 x 22 = 29480). പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

*<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>*

1. പദ്ധതി നടത്തിപ്പിനായി വാർഡ് തലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മോണിറ്ററിങ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

2. പദ്ധതി നടത്തിപ്പിനായി നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് ജീവനക്കാരെ ഉപയോഗിച്ചിട്ടില്ല.

3. തുക വിതരണം ചെയ്തതിന് അകിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുക എന്നാണ് വിതരണം ചെയ്തത് എന്നാണ് കണ്ടെത്താൻ സാധിച്ചിട്ടില്ല.

മേൽ വിഷയങ്ങളെ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പ് 11/18 (12.12.2018) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-21 പമ്പ്സെറ്റിന് സബ്സിഡി നൽകൽ-വാർഡ്സഭ പരിഗണിക്കാത്തവർക്കും ആനുകൂല്യം നൽകി - 6500/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | :148/18 |
| അടങ്കൽ | :170000/- |
| ചെലവ് | :170000/- |
| ബിൽ നം. | :5/17-18, 06.03.18,<br>6/17-18, 21.03.18 |
| നിർവഹണ ഉദ്യോസ്ഥൻ | :അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ<br>(നെയ്യാറ്റിൻകര സർക്കിൾ) |

നെയ്യാറ്റിൻകര നഗരസഭയിൽ കൃഷി പരിപോഷിപ്പിക്കുന്നതിനായി പമ്പ്സെറ്റുകൾ സ്ഥാപിച്ചവർക്ക് ആകെ ചെലവിന്റെ 50 ശതമാനം തുക സബ്സിഡി നൽകുന്ന പദ്ധതിയാണ്. പദ്ധതിയുടെ നടത്തിപ്പിനായി നഗരസഭ 20.11.17-ൽ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ അതിൽ ഉൾപ്പെടാത്ത ഫോർട്ട് വാർഡിലെ ശ്രീ. വിനുലാൽ വി.എൽ., ലാൽ ഭവൻ, പാലക്കടവ് എന്ന വ്യക്തിക്ക് സബ്സിഡിയായി 6,500/- രൂപ നൽകി. എന്നാൽ വിനുലാൽ വി.എൽ എന്ന ഗുണഭോക്താവിനെ വാർഡ് സഭ 2017-18-ൽ പരിഗണിച്ചിട്ടില്ല. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (55/18 തീയതി 20.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് സഭ അംഗീകരിക്കാത്ത വിനുലാൽ വി.എൽ. എന്ന ഗുണഭോക്താവിന് നല്കിയ 6,500/- രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

20.11.17-ൽ നഗരസഭ നൽകിയ ഗുണഭോക്തൃലിസ്റ്റും 16.07.2018 എന്ന തീയതി രേഖപ്പെടുത്തിയ ഉപലിസ്റ്റും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കി. എന്നാൽ 33

വാർഡ് സഭാ മിനിട്സുകൾ ലഭ്യമാക്കാത്തതിനാൽ സബ്സിഡി ലഭ്യമായ താഴെ പറയുന്ന വ്യക്തികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

1.സുധാലക്ഷ്മി അമരവിള - 6225/-(സബ്സിഡി)

2.ബാജി.സി.പി.എസ്.അതിയന്നൂർ - 6755/- ,,

3.അശോക് കുമാർ, തലയൽ - 3925/- ,,

4.മണികണ്ഠൻ, വസന്തനിവാസ് - 7280/- ,,

5.തോംസൺ കരിയിൽതോട്ടം - 5145/- ,,

6.ഷീജറാണി.എം.പി.സദനം - 5580/- ,,

7.ദ്വരസ്വാമി, നാരായണപുരം - 6225/- ,,

വാർഡ് സഭകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റുകൾ ക്രോഡീകരിച്ച് നഗരസഭ ഏകീകൃതലിസ്റ്റ് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും അപ്രകാരം ലഭ്യമാകുന്ന ലിസ്റ്റിന്റെ വിലയിരുത്തലുകൾക്കു ശേഷം മാത്രം പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

## 3-22 ഗുണഭോക്തൃ ലിസ്റ്റ്- അപാകതകൾ

ജി.ഒ(പി)നം.220/97/ത.സ്വ.ഭ.വ തീയതി 2.10.1997,ബഹു.കേരളഹൈക്കോടതിയുടെ 1997 ഏപ്രിൽ മാസം 4-ാം തീയതിയിലെ ഒ.പി.നം.18175/1996 നമ്പർ കേസിലെ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പരമാധികാരം ഗ്രാമ/വാർഡ് സഭകൾക്കാണ്. നെയ്യാറ്റിൻകര നഗരസഭ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയ ലിസ്റ്റ് മേൽ ഉത്തരവ് അനുസരിച്ചുള്ള മാർഗ്ഗ രേഖയ്ക്ക് വിധേയമായിട്ടല്ല തയ്യാറാക്കിയിട്ടുള്ളത്. ആകെ ഉള്ള 44 വാർഡുകളുടെ വാർഡ് സഭ മിനിട്സ് ബുക്കുകളിൽ 11 എണ്ണം മാത്രമാണ് ഓഡിറ്റ് സമയത്തിന്റെ അവസാന ഘട്ടത്തിൽ ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത മിനിട്സുകൾ ഹാജരാക്കുന്നതിന് റിക്വസിഷൻ നം.1 തീയതി10.12.18, ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.32/18 തീയതി 15.12.18 എന്നിവ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മിനിട്സ് ബുക്കുകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ കൃത്യമായ പരിശോധന നടത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ലിസ്റ്റും ലഭ്യമായ വാർഡ് സഭ മിനിട്സും ഒത്തുനോക്കിയതിൽ വാർഡ് സഭ മുഖേന തെരഞ്ഞെടുക്കാത്ത പല വ്യക്തികളും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതായി കാണുന്നു. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഗുണഭോക്തൃലിസ്റ്റുകൾ തയ്യാറാക്കുമ്പോൾ, അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ ( പ്രോജക്ട് നമ്പർ-250/18) | 7000000 | ലഭ്യമല്ല | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നമ്പർ 452/18) | 5251040 | ലഭ്യമല്ല | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ( പ്രോജക്ട് 249/18) | 5000000 | ലഭ്യമല്ല | |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 191/18 | 2000000 | ലഭ്യമല്ല. | |
| പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് സെക്ഷൻ | അംഗൻവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നമ്പർ 253/18) | 2900000 | ലഭ്യമല്ല | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ / വായ്പ തിരിച്ചടവ്

2017-18 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ---- | 5,00,00,000 | 1,50,00,000 | 50,00,000 | | 1,00,00,000 |

2016-17ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1.5 കോടി രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 32,04,400/- രൂപയാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

2017-18 വർഷം സ്ഥിര നിക്ഷേപമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|---|
| 1 | 2010-11 | 3.16എ) | 2696 | ശ്രീമതി ഷീജ, പി.ഡബ്ലൂ.ഒ | 118160105383 തീയതി 25.9.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 54 | 2003-04 | 6.1.1 | പദ്ധതി തുക വകമാറ്റിയത് | |
| 1999-00 | 59 | 2003-04 | 6.1.2 | താലൂക്ക് ആശുപത്രിയിൽ പൈറലേറ്റർ സ്ഥാപിച്ചത് | |
| 1999-00 | 62 | 2003-04 | 6.1.3 | മരാമത്ത് | |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവൃത്തികൾ | |
| 1999-00 | 63 | 2003-04 | 6.1.4 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ | |
| 1999-00 | 64 | 2003-04 | 6.1.5 | കുടിവെള്ള പദ്ധതികൾ | |
| 1999-00 | 80 | 2003-04 | 6.1.6 | ലേലം | |
| 1999-00 | 94 | 2003-04 | 6.1.7 | മണൽ ലേലം | |
| 1999-00 | 95 | 2003-04 | 6.1.8 | ഷോപ്പിംഗ് കോംപ്ലക്സ് | |
| 2000-01 | 2.28 | 2005-06 | 6.1 | മെറ്റലിംഗ്, ടാറിംഗ് | |
| 2000-01 | 2.23 | 2005-06 | 6.2 | വകമാറ്റി ചെലവ് | |
| 2000-01 | 2.35 | 2005-06 | 6.3 | റോഡ് നിർമ്മാണം | |
| 2001-02 | 2.12 | 2006-07 | 4.6.1 | അക്ഷയ കോംപ്ലക്സ് | |
| 2001-02 | 2.13.3 | 2006-07 | 4.6.2 | അക്ഷയ കോംപ്ലക്സ് | |
| 2014-15 | 6-1 | 2014-15 | 6-1 | തൊഴിൽരഹിത വേതനം 13.35 ലക്ഷം രൂപയുടെ പണാപഹരണം | തുടർനടപടികൾ സ്വീകരിച്ചുവരുന്നു |
| 2014-15 | 4.1.1 4.1.2 4.1.3 4.1.4 | 2014-15 | 4.1.4 | നിഷ്ക്രിയാസ്തികൾ | തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42,86,97,608.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43,36,27,068.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,89,362.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 83,09,809.00 |

***(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 5,900 | ശ്രീ. ശ്രീകാന്ത് എ.എസ്., |

| | | |
|---|---|---|
| | | സെക്രട്ടറി |
| 3.3 | 76,000 | ശ്രീ. സജി. എസ്.,<br>സെക്രട്ടറി |
| 3.11 | 10,581 | ശ്രീ. ജയനേന്ദ്രദാസ്<br>അസി.എഞ്ചിനീയർ |
| 3.13 | 42,966 | ശ്രീ. സുരേഷ് കുമാർ. എസ്സ്<br>മുനിസിപ്പൽ.എഞ്ചിനീയർ |
| 3.14 | 4,141 | ശ്രീ. സുരേഷ് കുമാർ. എസ്സ്<br>മുനിസിപ്പൽ എഞ്ചിനീയർ |
| | 13,794 | ശ്രീ. ജയനേന്ദ്രദാസ്<br>അസി.എഞ്ചിനീയർ |
| 3.20 | 29,480 | ശ്രീ. പി.കെ. ശശികുമാർ,<br>ഹെൽത്ത് സൂപ്പർവൈസർ |
| 3.21 | 6,500 | ശ്രീ. കെ.എം. അനിൽകുമാർ,<br>അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ |
| ആകെ | 1,89,362/- | |

**(സി)** *<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>*

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 181060 | ശ്രീ. ശ്രീകാന്ത് എ.എസ്.,<br>സെക്രട്ടറി |
| 3.3 | 400000 | ശ്രീ. സജി.എസ്.എസ്<br>സെക്രട്ടറി |
| 3.16 | 2000000 | ശ്രീമതി. ഗീത.ഡി,<br>പട്ടികജാതി വകസന ഓഫീസർ |
| 3.17 | 4724989 | ശ്രീമതി. ഗീത.ഡി,<br>പട്ടികജാതി വകസന ഓഫീസർ |
| 3.18 | 750000 | ശ്രീമതി. ഗീത.ഡി,<br>പട്ടികജാതി വകസന ഓഫീസർ |
| 3.19 | 253760 | ശ്രീമതി. ഗീത.ഡി,<br>പട്ടികജാതി വകസന ഓഫീസർ |
| ആകെ | 8309809 | |

**(ഡി)** *<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

ഇല്ല

**(ഇ)** *<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>*

ഇല്ല

(എഫ്) *റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3.1 | ശ്രീ. ശ്രീകാന്ത്. എ.എസ്., സെക്രട്ടറി | ---- | ചാമവിള, വടക്കതിൽ കൂനയിൽ (എൽ.പി.എസ്. ന് സമീപം) പരവൂർ (പി.ഓ.) കൊല്ലം |
| 3.3 | ശ്രീ. സജി.എസ്.എസ് സെക്രട്ടറി | ശ്രീ. സജി.എസ്.എസ് സെക്രട്ടറി | സുജാതമന്ദിരം, തച്ചർവിളാകം, പെരുങ്ങുഴി.പി.ഒ |
| 3.11, 3.14 | ശ്രീ. ജയനേന്ദ്രദാസ് അസി.എഞ്ചിനീയർ | ശ്രീ. ജയനേന്ദ്രദാസ് അസി.എഞ്ചിനീയർ | വൈദേഹി, എൻ.എൽ.ആർ.എ)-45 നീരാഴി റോഡ്, ഉള്ളൂർ, |
| 3.13, 3.14 | ശ്രീ. സുരേഷ് കുമാർ. എസ്സ് മുനിസിപ്പൽ എഞ്ചിനീയർ. | ശ്രീ. സുരേഷ് കുമാർ. എസ്സ് മുനിസിപ്പൽ.എഞ്ചിനീയർ. | അമ്പിളി ഭവൻ അത്താഴ മംഗലം, നെയ്യാറ്റിൻകര |
| 3.16 3.17 3.18 3.19 | ശ്രീമതി. ഗീത.ഡി, പട്ടികജാതിവികസനഓഫീസർ | ശ്രീമതി. ഗീത.ഡി, പട്ടികജാതി വകസന ഓഫീസർ | പത്മസദനം, പാച്ചല്ലൂർ |
| 3.20 | ശ്രീ. പി.കെ. ശശികുമാർ, ഹെൽത്ത് സൂപ്പർവൈസർ | ശ്രീ. പി.കെ. ശശികുമാർ, ഹെൽത്ത് സൂപ്പർവൈസർ | ശ്രീ ശൈലം ആലുനിന്നവിള വീട്, മൂന്നുകല്ലിൻമൂട് |
| 3.21 | കെ.എം അനിൽ കുമാർ, അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ, നെയ്യാറ്റിൻകര സർക്കിൾ | കെ.എം അനിൽ കുമാർ, അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ, നെയ്യാറ്റിൻകര സർക്കിൾ | ബ്ലസിഭവൻ, ചാണി, കാഞ്ഞിരംകുളം പി.ഒ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി(എ)4/13/99/ 01.01.1992 | 32 | |

| | | | |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.റ്റി.ഡി(എ)എം.എൽ.476/2000/ 20.12.00 | 36 | |
| 1998-99 | നം..എൽ.എഫ്.റ്റി.ഡി.എം.എൽ.241/01/ 15.03.2003 | 31 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.289/ 03/ 13.10.2003 | 57 | |
| 2000-01 (ചെലവ്) | ന.എൽ.എഫ്.റ്റി.ഡി.എം.എൽ.1370/04/ 16.3.2005 | 63 | |
| 2000-01 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1637/07/ 16.2.2008 | 34 | |
| 2001-02 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1365/06/ 20.1.07, 14.3.07 | 29 | |
| 2001-02 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1636/07/ 7.4.2008 | 30 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1683/07/ 7.4.2008 | 28 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1720/2007 | 24 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1584/2009 | 24 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1601/09/ 31.03.10 | 25 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.304/11/ 13.10.2011 | 24 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.305/11/ 13.10.2011 | 33 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.36/12/17.07.12 | 20 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.37/12/17.7.12 | 18 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1684/12/22.2.13 | 35 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14/ 18.12.14 | 25 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1901/13/16.1.14 | 37 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.738/2016/ 18.03.2016 | 42 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.1337/2016/ 12.08.2016 | 34 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016 12.01.17 | 33 | |
| 2016-17 | കെ.എസ് . എ.റ്റി .വി . എം.എൽ/1848/2017 , തീയതി: 26.09.2017 | 9 | |

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

*edited : BL*

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള നഗരപാലിക നിയമത്തിന്റെ വകുപ്പ് 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെയ്യാറ്റിൻകര നഗരസഭയുടെ 2017-18-ലെ** വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകളുടെ സംഗ്രഹം</u>

ഖണ്ഡിക 1-3ൽ പരാമർശിച്ചിട്ടുണ്ട്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**